# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം മാർച്ച് 2019 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ

പരിശുദ്ധ അമ്മേ, അങ്ങേ തിരുക്കുമാരന്റെ ഉത്ഥാനത്തിന്റെ
സത്ഫലങ്ങളായ സമാധാനവും ശാന്തിയും
അങ്ങയുടെ മദ്ധ്യസ്ഥതയാൽ
ലോകം മുഴുവനിലും വർഷിക്കണമേ.

## പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 37 ലക്കം ഉയിർപ്പ് മാർച്ച് 2019

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ക്രിസ്തീയജീവിതവും സന്തോഷവും 05
- ഇരുട്ടും പ്രതീക്ഷയുടെ ഉയിർപ്പും 08
- സെനക്കിൾ തരംഗം 10
- പ്രതീക്ഷയുടെ ദൈവകരം 11
- ആനന്ദിച്ച് ആഹ്ലാദിക്കുവിൻ 13
- സ്നേഹത്തിന്റെ രക്തസാക്ഷി 16
- കാവലാൾ 18
- സ്വർഗത്തിലെത്താൻ 20
- വഴികാട്ടികൾ 23
- ബൈബിളിലെ കുട്ടികൾ 24
- ജീവിച്ചിരിക്കുന്നവരെ അന്വേഷിക്കുക 26
- വെളിച്ചമേ നയിച്ചാലും 28
- സ്നേഹിക്കാം ഹൃദയം തുറന്ന് 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# ഉത്ഥിതന്റെ സാന്നിദ്ധ്യമാകുക

"ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു" (ലൂക്കാ 24,5).


ഈശോയുടെ മൃതശരീരം തേടി വന്നവർ കണ്ടത് ശൂന്യമായ കല്ലറയാണല്ലോ. പീഡാനുഭവമരണങ്ങൾക്കുശേഷം മൂന്നാം ദിനം താൻ ഉയിർക്കുമെന്ന് മൂന്നു വട്ടം ഈശോ പ്രവചിച്ചിരുന്നിട്ടും അവർ തേടിയത് മൃതശരീരമാണ്. ലോകത്തിനു മുഴുവൻ സമാധാനവും (ലൂക്കാ 2,14) സന്തോഷവും (യോഹ 15,11) രക്ഷയും (നട 4,12) നല്കാൻ മനുഷ്യാവതാരത്തിലൂടെ ഭൂമിയിലേയ്ക്കിറങ്ങിയവൻ തന്റെ ജീവിതബലി പൂർത്തിയാക്കി ഉത്ഥാനം ചെയ്തു എന്നു വിശ്വസിക്കാൻ അവർക്ക് അടയാളങ്ങൾ നല്കപ്പെട്ടു. ഈശോയുടെ ശൂന്യമായ കല്ലറയും അതിൽ അവശേഷിച്ചിരുന്ന തൂവാലയും കച്ചയും അടയാളങ്ങളായി തിരിച്ചറിഞ്ഞു വിശ്വസിച്ചവർക്ക് (യോഹ 20,7-8), തുടർന്ന് ഉത്ഥിതനായ മിശിഹാ പ്രത്യക്ഷപ്പെട്ട് സമാധാനമരുളുകയും, ജീവിക്കുന്ന കർത്താവിനെ കണ്ട്, വിശ്വസിച്ച് അവർ സന്തോഷിക്കുകയും ചെയ്യുന്നു (യോഹ 19,20).

ഇന്നു സഭയിൽ ജീവിക്കുന്ന ഉത്ഥിതനായ മിശിഹായെ വചനത്തിലൂടെയും കൂദാശകളിലൂടെയും തിരിച്ചറിയുവാനും ഉത്ഥിതന്റെ സമ്മാനങ്ങളായ സമാധാനവും സന്തോഷവും സ്വായത്തമാക്കുവാനും ഓരോ ക്രൈസ്തവനും കഴിയണം. ഇവ സ്വന്തമാക്കുക എന്നതോടൊപ്പംതന്നെ പ്രാധാന്യമേറിയതാണ്, ഒരുവനു സാധ്യമാകുവോളം, അപരനുമിവ സ്വന്തമാക്കാൻ കഴിയുന്നുണ്ട് എന്നത് ഉറപ്പുവരുത്തുന്നത്. സഹായമാവശ്യമായിരിക്കുന്നവർക്കു മുമ്പിൽ ഒന്നും ചെയ്യാൻ കഴിവില്ലാത്ത 'മൃതശരീരങ്ങളായി' നാം മാറരുത്. മറിച്ച് മറ്റുള്ളവർക്കുമുമ്പിൽ ഉത്ഥിതൻ എന്നുമുള്ളിൽ ജീവിക്കുന്നവരായി നാമോരോരുത്തരും മാറണം. അങ്ങനെ ഉത്ഥിതനീശോയുടെ സാന്നിദ്ധ്യം നല്കുന്ന ജീവിതങ്ങളുടെ ഉടമകളായി മാറുവാൻ, എന്നും അങ്ങനെയായിരിക്കുവാൻ നമുക്കി പരിശ്രമിക്കാം. അതിനായി അവിടുത്തെ അനുഗ്രഹാശിസ്സുകൾ നമുക്കു യാചിക്കാം.

ഉത്ഥാനതിരുനാളാശംസകളോടെ,

ചീഫ് എഡിറ്റർ

# ക്രിസ്തീയജീവിതവും സന്തോഷവും



റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

തെസലോനിക്കാക്കാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ്ശ്ലീഹാ പറയുന്നു: "എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ" (1 തെസ 5,16). തന്റെ ഒന്നാം ലേഖനത്തിൽ യോഹന്നാൻശ്ലീഹാ, ക്രൈസ്തവജീവിതത്തെ ത്രിയേക ദൈവവുമായുള്ള കൂട്ടായ്മയുടെ ജീവിതമായി വിവരിച്ചിട്ട്, അത് അവരുടെ സന്തോഷം പൂർണമാകാനാണെന്ന് എടുത്തുപറയുന്നു (1 യോഹ 1,4). മുന്തിരിച്ചെടിയും ശാഖകളുംപോലെ ക്രൈസ്തവരെല്ലാവരും തന്നിൽ ഒന്നാണെന്നു പറയുകയും അതിന്റെ വിവിധ വശങ്ങൾ എന്തൊക്കെയാണെന്നു പഠിപ്പിക്കുകയും ചെയ്തിട്ട് ഈശോ പറയുന്നു: "ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുംവേണ്ടിയാണ്" (യോഹ 15,11). ഇവയുടെയെല്ലാം വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ക്രിസ്തീയജീവിതം അവശ്യം സന്തോഷത്തിന്റെ ജീവിതമാണെന്നു കാണാം. സന്തോഷമില്ലാത്ത ജീവിതം യഥാർത്ഥ ക്രൈസ്തവജീവിതമല്ല.

**സന്തോഷമായി മാറുന്ന ദുഃഖം**

ക്രിസ്തീയജീവിതത്തിന്റെ സന്തോഷത്തിലേക്കു കടന്നുവരേണ്ടത് ഒരു ദുഃഖത്തിലൂടെയാണെന്ന് ഈശോ സൂചിപ്പിക്കുന്നുണ്ട്. അന്ത്യപ്രഭാഷണത്തിൽ ഈശോ ശിഷ്യന്മാരോട് ഇപ്ര

കാരം പറഞ്ഞു: “നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും” (യോഹ 16,20). മരണത്തിലൂടെയുള്ള ഈശോയുടെ വേർപാട് ശിഷ്യർക്ക് ദുഃഖത്തിനു കാരണമാകുമെങ്കിൽ, ഉത്ഥാനത്തിലൂടെയുള്ള അവിടുത്തെ തിരിച്ചുവരവ് അവർക്കു സന്തോഷത്തിനു കാരണമാകും എന്ന് ഈശോ ശിഷ്യർക്ക് ഉറപ്പുകൊടുക്കുകയാണ്. ഈശോയുടെ മരണം ഈശോയിൽ വിശ്വസിക്കാത്ത ലോകത്തിന് സന്തോഷം നല്കുന്ന ഒന്നായിരുന്നു. കാരണം അത് ലോകത്തിന്റെ താല്ക്കാലിക വിജയമാണ്. വിശ്വാസവിരുദ്ധമായ തങ്ങളുടെ നിലപാടിനെ കുറ്റപ്പെടുത്തിയ നാവിനെ നിശബ്ദമാക്കിയതിലുള്ള വിജയവും അതിലുള്ള സന്തോഷവും. എന്നാൽ ഈ വിജയവും സന്തോഷവും താല്ക്കാലികമാണെന്നും തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും പാപത്തെ കീഴടക്കിക്കഴിയുമ്പോൾ അവരുടെ ദുഃഖം സന്തോഷമായി മാറുമെന്നും ഈശോ അവരെ ഓർമ്മിപ്പിക്കുന്നു. ഉത്ഥാനശേഷം ഇതു യാഥാർത്ഥ്യമായതായി സുവിശേഷം രേഖപ്പെടുത്തുന്നുമുണ്ട്: “കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു” (യോഹ 20,20).

## മിശിഹായിൽ രൂപപ്പെടുന്നതിലുള്ള സന്തോഷം

വി. പൗലോസ്ശ്ലീഹായുടെ ഭാഷയിൽ മിശിഹാ നമ്മിൽ രൂപപ്പെടുന്നതിലുള്ള സന്തോഷമാണ് ക്രിസ്തീയസന്തോഷം. വേദനയിലൂടെ, പ്രസവവേദനയിലൂടെ, ലഭിക്കുന്ന സന്തോഷമായിട്ടാണ് ഇവിടെ അത് അവതരിപ്പിക്കുന്നത്: “എന്റെ കുഞ്ഞുമക്കളേ, മിശിഹാ നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു” (ഗലാ 4,19). തന്റെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടവരിൽ മിശിഹാ രൂപം കൊള്ളത്തക്കവിധത്തിൽ നിരന്തരം ചെയ്യുന്ന ശുശ്രൂഷയിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെയാണ് പ്രസവവേദനയായി ശ്ലീഹാ വിശേഷിപ്പിക്കുന്നത്. തന്റെ ശുശ്രൂഷയുടെ ഫലമായി അവരിൽ മിശിഹാ രൂപംകൊള്ളുമ്പോൾ ശ്ലീഹായുടെ ശുശ്രൂഷാതലത്തിലുള്ള പ്രസവവേദന സന്തോഷമായി പരിണമിക്കും. ഇപ്രകാരം സഭാംഗങ്ങളും സഭാശുശ്രൂഷകരും മിശിഹാനുഭവത്തിൽ ഒന്നായിത്തീരുമ്പോളുണ്ടാകുന്ന സന്തോഷമാണ് ക്രിസ്തീയസന്തോഷം. അപ്രകാരമുള്ള ക്രിസ്തീയസന്തോഷമാണ് യഥാർത്ഥ സഭാജീവിതത്തിന്റെ മുഖമുദ്ര.

## മിശിഹായിലുള്ള ജീവിതത്തിന്റെ വേദനയും സന്തോഷവും

ഈശോയുടെ മരണത്തെയും വേർപാടിനെയും അഭിമുഖീകരിക്കുന്ന ശിഷ്യന്മാർ കഠിനമായ വേദനയിലൂടെ കടന്നുപോകുന്നതായി ഈശോ ചിത്രീകരിക്കുന്നു. ഒരു സ്ത്രീയുടെ പ്രസവവേദനയോടാണ് അവരുടെ വേദനയെയും അവിടുന്ന് ഉപമിക്കുന്നത്: “സ്ത്രീക്കു പ്രസവവേദന ആരംഭിക്കുമ്പോൾ അവളുടെ സമയം വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ടാകുന്നു. എന്നാൽ ശിശുവിനെ പ്രസവിച്ചുകഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതുകൊണ്ടുള്ള സന്തോഷം നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർമ്മിക്കുന്നില്ല. അതുപോലെ നിങ്ങളും ഇപ്പോൾ ദുഃഖിതരാണ്. എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും” (യോഹ 16,21-22). ഈശോയുടെ മരണത്തിലൂടെയുള്ള വേർപാടിൽ ശിഷ്യന്മാർ ദുഃഖിതരായെങ്കിൽ ഉത്ഥാനത്തിലൂടെയുള്ള അവിടുത്തെ തിരിച്ചുവരവിൽ അവർക്കു ശാശ്വതമായ സന്തോഷമുണ്ടാകും.

ഇവിടെ ശിഷ്യന്മാർ സഭയെ പ്രതിനിധീകരിക്കുന്നുണ്ട്. ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. ഈശോയിൽ വിശ്വസിക്കുന്ന നാമോരോരുത്തരിലും ജീവിക്കുന്നവനായി ഈശോ രൂപപ്പെടണമെങ്കിൽ നാം പാപത്തിനു മരിച്ച് ദൈവത്തിനുവേണ്ടി ജീവിക്കു

ന്നവരാകണം. നമ്മുടെ മാമ്മോദീസാനുഭവം അപ്രകാരമൊരു മരണോത്ഥാനാനുഭവത്തിലൂടെ നാം ഈശോയോട് ഐക്യപ്പെടുന്ന അനുഭവമാണ് (റോമാ 6,1-11). ഈ അനുഭവം ഓരോ കുർബാനയിലൂടെയും നവീകരിച്ച് ഉത്ഥിതനായ മിശിഹായോടുകൂടി കൂടുതൽ കൂടുതൽ ജീവിക്കുന്നവരായി മാറുമ്പോൾ ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യത്തിലും സഹവാസത്തിലും നിന്നുളവാകുന്ന സന്തോഷത്തിൽ വളരുവാനും നമുക്കു കഴിയും. പാപത്തിനു മരിക്കുന്ന വേദന അനുഭവിച്ചാലേ മിശിഹായിൽ നവീകരിക്കപ്പെട്ടു ജീവിക്കുന്നതിന്റെ സന്തോഷം നമുക്ക് അനുഭവവേദ്യമാകുകയുള്ളു. കുർബാനാനുഭവത്തിലൂടെ മിശിഹായുടെ മരണോത്ഥാനത്തിൽ പങ്കുചേർന്ന് മിശിഹായിൽ നവീകരിക്കപ്പെട്ടു ജീവിക്കുവാൻ നമുക്കു കഴിയുമ്പോൾ ക്രിസ്തീയജീവിതത്തിന്റെ സന്തോഷം നമുക്ക് ആസ്വദിക്കുവാൻ കഴിയും.

> *ഈശോയുടെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സംഭവം നമ്മുടെ വിശ്വാസത്തിന്റെ പ്രധാനപ്പെട്ട ആധാരമാണ്; ഓരോ ഭയത്തെയും തീരുമാനമില്ലായ്മയെയും ഓരോ സംശയത്തെയും മാനുഷിക കണക്കുകൂട്ടലുകളെയും തൂത്തെറിയുന്ന ശക്തമായ കാറ്റാണ്.*
>
> **മാർ ബനഡിക്റ്റ്**
> **പതിനാറാമൻ പാപ്പ**

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192




**ബ്രദർ നവീൻ പ്ലാക്കാലിൽ**
**ചങ്ങനാശ്ശേരി അതിരൂപത**

**ആം**ഗലേയ കവിയായ ഷെല്ലി തന്റെ 'Ode to the West Wind' എന്ന കവിത അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "മഞ്ഞുകാലം ഇങ്ങെത്തിയെങ്കിൽ വസന്തകാലം ഇനിയും താമസിക്കുമോ?". നിരാശയുടെയും നിർജീവത്വത്തിന്റെയും മഞ്ഞുകാലത്തിൽ നില്ക്കുമ്പോൾ കവി പ്രതീക്ഷയോടെ പാടുന്നത് വരാനിരിക്കുന്ന വസന്തത്തെക്കുറിച്ചാണ്. മരണത്തിന്റെ ഇരുട്ടും ചിതറിക്കപ്പെട്ട മാനസികാവസ്ഥയുമായി ശിഷ്യസമൂഹം ദുഃഖവെള്ളിയുടെ അവസാനമണിക്കൂറുകളിൽ ഉറക്കത്തിൽ അഭയം പ്രാപിക്കുന്നു. എന്നാൽ "ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ മഗ്ദലേന മറിയം ശവകുടീരത്തിന്റെ സമീപത്തു വന്നു" (യോഹ 20,1).

നിരാശയും ഭയവും കീഴടക്കിയ ഒരു സമൂഹത്തിൽനിന്നുമാണ് മിശിഹായോടുള്ള സ്നേഹം ഇനിയും കെട്ടടങ്ങാത്ത മഗ്ദലേന മറിയം ധൈര്യപൂർവം അവന്റെ കല്ലറയിലേക്കു പോകുന്നത്. 'ഇരുട്ടായിരിക്കുമ്പോൾ' എന്ന സുവിശേഷപ്രയോഗം അവളുടെയും അവളുടെ കൂട്ടാളികളുടെയും മാനസികാവസ്ഥയ്ക്കു സമാനമാണ്. പുറത്തെ അന്ധകാരത്തെക്കാൾ കഠോരമാണ് മഗ്ദലേനയെപ്പോലെയുള്ള നസ്രായന്റെ അനുയായികളുടെ ഉള്ളിലെ ഇരുട്ട്. ഒറ്റിക്കൊടുക്കലും പീഡാനുഭവവും നിന്ദനവും മരണവും അപഹാസവും നിറഞ്ഞ ദുഃഖവെള്ളി ഇനിയും അവസാനിച്ചിട്ടില്ല. നിരാശയുടെയും ഭയത്തിന്റെയും ഇരുട്ട് ഉള്ളിനെ ഇത്രയേറെ നീറ്റുമ്പോഴും എന്തു



കൊണ്ടാണ് മറിയം ഒറ്റയ്ക്ക് പുറത്തെ ഇരുട്ടിലേക്കു പോകുന്നത്? കാരണം ഒന്നേയുള്ളു; ഉള്ളിലെയും പുറത്തെയും ഇരുട്ടിനപ്പുറം അവൾ മിശിഹായുടെ പ്രകാശം പ്രത്യാശിക്കുന്നു.

ഇനിയും ഉയിർപ്പു സംഭവിച്ചില്ലെന്നിരിക്കേ, ഉത്ഥാനത്തിന്റെ ഒരറിയിപ്പുപോലും ലഭിക്കാതിരിക്കേ, ഇരുട്ടിലേക്ക് ഇറങ്ങിച്ചെന്ന് മിശിഹായെ അന്വേഷിക്കുന്ന മഗ്ദലേനയുടെ വിശ്വാസം കറ തീർന്നതാണ്. ഇങ്ങനെയുള്ള വിശ്വാസമാണ് മനസ്സിൽ പ്രത്യാശയ്ക്ക് വിത്തുപാകുന്നത്. ഇരുട്ട് ചുറ്റും വ്യാപിച്ചിരിക്കുമ്പോഴും വിശ്വാസമുള്ള ഹൃദയങ്ങളിൽ പ്രതീക്ഷകൾ മൊട്ടിടും. മിശിഹായെ കാണാൻ മഗ്ദലേനയുടെ ശവകുടീരം തേടിയുള്ള പുലരിയിലെ യാത്ര ഇരുട്ടിലുള്ള യാത്രയാണ്, അവൾ ഒറ്റയ്ക്കെടുത്ത തീരുമാനമാണ്, അതൊരു എടുത്തുചാട്ടമാണ്. അതുകൊണ്ടാണ് തത്ത്വചിന്തകനായ സോറൻ കിർക്കേഗാഡ് പറയുന്നത്, "വിശ്വാസം ഒരു കുതിപ്പാണ്, അഥവാ എടുത്തുചാട്ടമാണ്" (Faith is a leap). ഇങ്ങനെ ഉയിർപ്പുകാലം നമ്മെ പ്രചോദിപ്പിക്കുന്നത് ഇരുട്ടിനപ്പുറം പ്രകാശം അന്വേഷിക്കാനാണ്, മരണത്തെ പ്രതിഫലിപ്പിക്കുന്ന കല്ലറകളിൽ ഉത്ഥാനത്തെ കണ്ടെത്താനാണ്.

ഈശോയുടെ മരണത്തോടെ ഈ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളെ ലൂക്കാ സുവിശേഷകൻ വരച്ചുകാട്ടുന്നുണ്ട്... 'ഒമ്പതാം മണിക്കൂർവരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു... ഇതു കണ്ടു നിന്നിരുന്നവർ മാറത്തടിച്ചുകൊണ്ട് തിരിച്ചുപോയി' (ലൂക്കാ 22,44-48). മിശിഹായുടെ ചൈതന്യം നമ്മിൽ കെട്ടുപോകുന്ന നിമിഷങ്ങളെല്ലാം നമുക്കു ദുഃഖവെള്ളിയാഴ്ചകളാണ്. ഈയൊരു ഈസ്റ്റർ വീണ്ടും പ്രത്യാശയുടെ തിരിവെട്ടം മനസ്സിലും ആത്മാവിലും വീണ്ടെടുക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

അന്ധകാരത്തിലൂടെ യാത്ര ചെയ്ത് മിശിഹായെ അന്വേഷിക്കുന്നവർ പ്രത്യാശയുടെ പ്രകാശത്തിലാണ് എത്തിച്ചേരുന്നത്. ഉത്ഥാനത്തിന്റെ അറിയിപ്പു നല്കുന്ന ദൈവദൂതന്മാരെക്കുറിച്ചു പറയുന്നത്, "തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ചവർ" (ലൂക്കാ 24,4) എന്നാണ്. ഉത്ഥാനാനുഭവം സ്വീകരിച്ച മഗ്ദലേന മറ്റുള്ളവരോടു പറയുമ്പോൾ അവൾ അവർക്കും പ്രത്യാശയ്ക്കു കാരണമാകുന്നു. ഉയിർപ്പിന്റെ പ്രത്യാശ സ്വന്തമാക്കുക എന്നതാണ് ഉയിർപ്പുകാലത്തിലെ ആത്മീയാനുഭവം. എന്നാൽ ആത്മീയതയിൽനിന്നുളവാകുന്ന പ്രത്യാശയില്ലാതെ ഉയിർപ്പിനെ സമീപിച്ചവർക്ക് അതൊരു ദുരനുഭവമായി. ഉത്ഥാനത്തിനു സാക്ഷ്യം വഹിച്ച കാവൽപടയാളികളെക്കുറിച്ചു പറയുന്നത്, "അവർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി" (മത്താ 28,4) എന്നാണ്. ഇതൊരു വിരോധാഭാസമാണ്. മിശിഹാ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ അതു കാണുന്ന ചില മനുഷ്യർ മരിച്ചവരാകുന്നു. ആത്മീയ ഒരുക്കമില്ലാതെ മിശിഹാരഹസ്യങ്ങളെ നമ്മൾ സമീപിച്ചാൽ അതു നമ്മിൽ ഒരു വ്യത്യാസവുമുണ്ടാക്കുന്നില്ല. മറിച്ച് മരിച്ചവരെപ്പോലെ നിർജ്ജീവരായി നമ്മൾ അതിനു സാക്ഷികളാകുന്നു. ആത്മീയജീവിതത്തിലെ നിസംഗത നമ്മെ മരിച്ചവരുടേതിനു സദൃശ്യരായ നിർജ്ജീവരാക്കും.

ജോൺ ഡൺ എന്ന കവി "ദുഃഖവെള്ളി" എന്ന കവിതയിൽ പറയുന്നു, "ഞാൻ പടിഞ്ഞാറേക്കു നയിക്കപ്പെടുന്നു, എന്നാൽ എന്റെ ആത്മാവ് കിഴക്കോട്ടു പോകാൻ ദാഹിക്കുന്നു. കാരണം ഞാൻ കാണേണ്ടതോ ഉദയസൂര്യനെയും". പ്രകാശത്തിനായുള്ള ആത്മാവിന്റെ ദാഹം എന്നും മനുഷ്യരിലുണ്ട്. മഗ്ദലേനയെപ്പോലെ അത് വിശ്വാസത്തിന്റെ ഇരുട്ടിലേക്കുള്ള എടുത്തചാട്ടമാണെങ്കിലും നമ്മെ ഉയിർപ്പിന്റെ പ്രത്യാശയിൽ മിശിഹായുടെ സവിധത്തിൽ എത്തിച്ചേർക്കാൻ പ്രാപ്തമാണ്. ഇരുളിന്റെ വഴികളിലും മിശിഹായെ തേടുന്നതുവഴി നമുക്ക് ഇരുട്ടിൽ പ്രതീക്ഷയുടെ പൂമൊട്ടുകളാകാം; ഉത്ഥാനത്തിനു സാക്ഷികളാകാം.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഈശോയുടെ പെസഹാനുഭവം അതിന്റെ തീവ്രതയിൽ അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഉയിർപ്പുകാലമാണല്ലോ ഇത്. ഈലോക ജീവിതത്തിൽനിന്നും, ജീവിത പരിമിതികളിൽനിന്നും പിതാവിന്റെ മഹത്ത്വത്തിലേക്കു കടന്നുപോകുന്ന അനുഭവം. പീഡാനുഭവത്തിനൊരുക്കമായുള്ള പാദം കഴുകൽ ശുശ്രൂഷയ്ക്ക് യോഹന്നാൻ സുവിശേഷകൻ തുടക്കം കുറിക്കുന്നത് ഇപ്രകാരം പറഞ്ഞുകൊണ്ടാണ്: “ഈലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു. അവസാനംവരെ സ്നേഹിച്ചു” (യോഹ 13,1). സ്നേഹത്തിന്റെ ശുശ്രൂഷ നിർവഹിച്ച് പെസഹാനുഭവത്തിലൂടെ കടന്ന് ദൈവമഹത്ത്വത്തിലെത്തിച്ചേർന്ന ഈശോയുടെ ജീവിതത്തിന്റെ തുടർച്ചയാണ് നമ്മുടെ പുരോഹിതജീവിതവും ശുശ്രൂഷയും. മിശിഹായുടെ പരമാവധിസ്നേഹത്തോടെ അജപാലനശുശ്രൂഷ നിർവഹിച്ചുകൊണ്ട് അവിടുത്തെ പെസഹാനുഭവത്തിൽ നമുക്കും പങ്കുചേരാം. ദൈവം തരുന്നവർക്കെല്ലാം സ്നേഹശുശ്രൂഷ ചെയ്തുകൊണ്ട് മിശിഹായുടെ പെസഹാനുഭവത്തിൽ പങ്കുചേരാൻ ജനങ്ങളെ നമുക്കു പരിശീലിപ്പിക്കുകയും ചെയ്യാം. സ്നേഹാശംസകളോടെ,


**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തെ ആധാരമാക്കി ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ സെനക്കിൾ വൈദികർക്കു നല്കിയ ധ്യാനചിന്തകൾ വേണ്ടുന്ന മാറ്റങ്ങൾ വരുത്തി, ദൈവജനത്തിനു മുഴുവൻ ഉപകാരപ്രദമായ രീതിയിൽ രൂപപ്പെടുത്തി, “പരിശുദ്ധാത്മാവിന്റെ സുവിശേഷം” എന്ന ശീർഷകത്തോടുകൂടിയുള്ള പുസ്തകമായി പ്രസിദ്ധീകരിച്ചു. പുസ്തകത്തിന്റെ പ്രകാശനകർമ്മം 2019 മാർച്ച് 7-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതാ കൺവെൻഷനിൽവച്ച്, വികാരി ജനറാൾ പെരിയ ബഹു. തോമസ് പാടിയത്തച്ചൻ നിർവഹിച്ചു. 2019 മാർച്ച് 13-ാം തീയതി നടന്ന സെനക്കിൾ കൂട്ടായ്മയിൽ പങ്കുചേർന്ന എല്ലാ വൈദികർക്കും പുസ്തകത്തിന്റെ ഓരോ കോപ്പി നല്കുകയുണ്ടായി. റോമിൽവച്ച് മെയ് ആദ്യ ആഴ്ചയിൽ നടക്കുന്ന അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി ജനറൽ മേജർ ഫാദർ, ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ ഏപ്രിൽ 30-ാം തീയതി റോമിലേക്കു പോകും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# പ്രതീക്ഷയുടെ ദൈവകരം



**റെസി കറുകപ്പറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**കു**റേ നാളുകൾക്കു മുമ്പ് കണ്ട ഒരു വാർത്തയും ചിത്രവും എന്റെ മനസ്സിൽ മായാതെ നില്ക്കുന്നു. പുഴയിലേക്കു മറിയാൻതുടങ്ങിയ ഒരു വാഹനം അടുത്തുനിന്ന വൃക്ഷത്തിന്റെ വേരിൽ ഉടക്കി സുരക്ഷിതമായി കിടക്കുന്നു. ആ വേരാകട്ടെ ഒരു കൈപ്പത്തിയുടെ ആകൃതിയിലും. "ദൈവത്തിന്റെ കരം" എന്ന് അതിന് തലക്കെട്ടും കണ്ടു.

തകർന്നടിഞ്ഞു പോയേക്കാവുന്ന എത്രയോ വ്യക്തിജീവിതങ്ങളെയാണ് ഇങ്ങനെ മരണ മുനമ്പിൽനിന്നും ദൈവകരം താങ്ങിനിറുത്തി രക്ഷിച്ചിട്ടുള്ളത്. പരീക്ഷച്ചൂടിൽ മുങ്ങിയിരിക്കവേ, യാത്രയയപ്പു സമ്മേളനങ്ങൾ തകൃതിയായി നടത്താൻ ഒരുങ്ങിയിരിക്കവേ, പൊടുന്നനെ ഒരു വണ്ടിയപകടത്തിൽ ഞാനും വീണുപോയി. "കഷ്ടം... ഈ തിരക്കിന്റെ മുഹൂർത്തത്തിൽ സിസ്റ്റർ വീണുപോയല്ലോ" എന്ന് സങ്കടത്തോടെ സ്കൂളിൽനിന്നും അദ്ധ്യാപകർ വിളിച്ചുപറഞ്ഞപ്പോൾ എന്റെയും ഉള്ളൊന്നു പിടഞ്ഞു. മക്കളെപ്പോലെ സ്നേഹിക്കുന്ന കുഞ്ഞുങ്ങളെ പരീക്ഷക്കൊരുക്കുവാൻ, അടുത്തായിരിക്കുവാൻ സാധിക്കാത്തതിന്റെ നൊമ്പരം, പല കാര്യങ്ങളും ചെയ്യുവാൻ സഹോദരങ്ങളുടെ ആവശ്യം വേണ്ടിവരുന്ന ഒരു നിസ്സഹായതയുടെ നെടുവീർപ്പ് എന്റെയുള്ളിൽ സങ്കടപ്പെരുമഴ സൃഷ്ടിച്ചു. അറിയാതെ ഒരു ചോദ്യമുയർന്നു... "കർത്താവേ, എന്തുകൊണ്ട് ഇതു സംഭവിച്ചു?"

നിനച്ചിരിക്കാതെയുണ്ടാകുന്ന വീഴ്ചകൾ, അപ്രതീക്ഷിതമായ സംഭവവികാസങ്ങൾ, ഒറ്റപ്പെടലിന്റെയും നിസ്സഹായതയുടെയും വേളകൾ, മറ്റുള്ളവരിൽനിന്നുണ്ടാകുന്ന പരിഹാസ ശരങ്ങൾ, കൃത്യതയോടെ കാര്യങ്ങൾ കണക്കുകൂട്ടിവച്ചത് തകിടം മറിഞ്ഞത്, സ്വപ്നക്കൂമ്പാരങ്ങളെല്ലാം കടൽത്തീരത്തെ മണൽക്കൂമ്പാരത്തെ തിരമാലകൾ വലിച്ചുകൊണ്ടുപോയതുപോലെ നഷ്ടപ്പെട്ടത്... എല്ലാമെല്ലാം ഒരു നിമിഷനേരംകൊണ്ടാണ് മാറ്റിമറിക്കപ്പെടുന്നത്. നമ്മുടെ സ്വപ്നങ്ങളെല്ലാം കരിന്തിരി കത്തുന്ന അനുഭവങ്ങൾ. വല്ലാതെ ചങ്കുപിടഞ്ഞ നിമിഷങ്ങൾ. ഓടിച്ചാടി സന്തോഷിച്ചു നടന്ന നിമിഷങ്ങളെല്ലാം പൊടുന്നനേ ഒരു സ്വിച്ച് ഓഫ് ആക്കുംപോലെ നിന്നുപോയ അനുഭവങ്ങൾ... നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ ഇതുപോലെ ആകസ്മികമായി എത്രയെത്ര അനുഭവങ്ങൾ കടന്നുവന്നിട്ടുണ്ടാകാം. നമ്മളെല്ലാം ആ നിമിഷങ്ങളിൽ വിലപിച്ചിട്ടുമുണ്ടാകാം, 'ദൈവമേ... ഈ സമയം എനിക്കിതു വന്നല്ലോ' എന്ന്.

തിരുവചനങ്ങളിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ മനസ്സ് ശാന്തമാകാൻ തുടങ്ങും. സഭാപ്രസംഗകൻ 3,1-8 വരെയുള്ള വചനങ്ങൾ ദൈവപദ്ധതിക്കു നേരെ നയനങ്ങളുയർത്താൻ വഴിതെളിക്കും... “എല്ലാറ്റിനും ഒരു സമയമുണ്ട്, കരയാൻ ഒരു കാലം, ചിരിക്കാൻ ഒരു കാലം, കീറാൻ ഒരു കാലം, തുന്നാൻ ഒരു കാലം, മൗനം പാലിക്കാൻ ഒരു കാലം, സംസാരിക്കാൻ ഒരു കാലം”.



‘ദൈവം അറിയാതെ ഒന്നും സംഭവിക്കില്ല’ എന്ന വിശ്വാസം നമ്മെ ശക്തിപ്പെടുത്തണം. പല കാര്യങ്ങളും ഞാനുണ്ടെങ്കിലേ നന്നായി നടക്കൂ എന്ന് നമ്മിൽ പലരും ചിന്തിച്ചിട്ടുണ്ടാകാം. പല പ്രശ്നങ്ങളും നമ്മളാണ് ചിന്തിച്ചു തീർപ്പുകല്പിക്കുന്നതെന്ന മിഥ്യാധാരണയും പുലർത്തിയേക്കാം. എന്നാൽ നമ്മളാരുമല്ല പ്രശ്നങ്ങൾക്കുത്തരം കണ്ടെത്തുന്നത്. ദൈവം തക്കസമയത്ത് ഇടപെട്ട് പ്രശ്നങ്ങൾ തീർക്കുന്നു. ‘ഞാൻ തീരുമാനിച്ചതുപോലെ കാര്യങ്ങൾ നടന്നില്ലല്ലോ’ എന്നു നാം വിഷമിക്കുമ്പോൾ ഇതാ ദൈവം കാര്യങ്ങളെല്ലാം ഭംഗിയായി തീർക്കുന്നു.

ഇന്ന് സഹനവഴികളിൽ നില്ക്കുന്നവർ തങ്ങളുടെ കഴിഞ്ഞ കാലങ്ങൾ ഓർക്കണം. വേദനകളിലൂടെ, പരാജയങ്ങളിലൂടെ, കഷ്ടനഷ്ടങ്ങളിലൂടെ, കണ്ണീരിലൂടെ കടന്നുപോയ ആ നാളുകളിൽ ദൈവം നമ്മെ സംരക്ഷിച്ചില്ലേ? അവിടുന്ന് പൊതിഞ്ഞു പിടിച്ച എത്ര അനുഭവങ്ങൾ ഓരോരുത്തരുടെയും ജീവിതവഴികളിലുണ്ടാകാം. കഴിഞ്ഞുപോയ ആ നാളുകളിൽ എന്നെ കരുതിയവൻ, എന്റെ ഇന്നത്തെ പ്രതിസന്ധിയിലും ഇടപെടും എന്ന വിശ്വാസം നമുക്കുണ്ടാകണം.

ഹബക്കുക്ക് 3,19 ൽ പറയുന്നു.. ‘‘കർത്താവായ ദൈവമാണ് എന്റെ ബലം. കലമാന്റെ പാദങ്ങൾക്കെന്നപോലെ അവിടുന്ന് എന്റെ പാദങ്ങൾക്കു വേഗത നല്കി. ഉന്നതങ്ങളിൽ അവിടുന്ന് എന്നെ നടത്തുന്നു”. ദൈവപരിപാലനയിൽ വിശ്വസിക്കുന്നവന്റെ ജീവിതത്തിൽ എപ്പോഴും കർത്താവിന്റെ കരം ഉണ്ടായിരിക്കും. ഈ പ്രതീക്ഷ ഒരുവന്റെ പാദങ്ങൾക്ക് നന്മയുടെ വഴികളിലൂടെ നടക്കാനുള്ള ശക്തിയേകുന്നു.

പ്രാർത്ഥനാവഴികളിലൂടെ ഇന്നിന്റെ സഹനങ്ങൾക്ക് ഉത്തരം കണ്ടെത്തണം. വീഴ്ചകളിലും തകർച്ചകളിലും ദൈവത്തെ എത്തിപ്പിടിച്ചവർ ജീവിതവഴികളിൽ വിശുദ്ധിയിലേക്കുള്ള ഇടദൂരത്തിലേക്ക് കടന്നുകഴിഞ്ഞു. വെളിപാട് 2,19 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു, ‘‘നിന്റെ പ്രവൃത്തികളും സ്നേഹവും വിശ്വാസവും ശുശ്രൂഷയും ദീർഘമായ സഹനവും ഞാൻ അറിയുന്നു”. അവിടുന്ന് നമ്മെ എപ്പോഴും അറിയുന്നു. നമുക്ക് എന്താണ് ആവശ്യമെന്നതിലും ഏതു വഴികളിലൂടെ നമ്മെ നടത്തണമെന്നതിലും അവിടുന്ന് ഉത്സുകനാണ്. നമ്മുടെ ഇത്തിരി ഇടത്തിലെ സങ്കടങ്ങളെ മണിമുത്തുകളായി മാറ്റി നമ്മെ മാറ്റിമറിക്കുന്ന അവിടുത്തെ പദ്ധതികളുടെ മുമ്പിലേക്ക് നമ്മുടെ ജീവിതങ്ങളെ പ്രതീക്ഷയോടെ വയ്ക്കാം.

ആനന്ദിച്ച് ആഹ്ലാദിക്കുവിൻ-6

# ആഴത്തിലേക്കു നീക്കി വല എറിയുക



**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

സുവിശേഷവൽക്കരണപ്രവർത്തനങ്ങളിൽ ഏവർക്കും തീക്ഷ്ണതയുണ്ടാകണം. കരയോട് അടുത്തിരിക്കാൻ വെമ്പൽകൊള്ളുന്നവർ ആഴത്തിലേക്കു വല നീക്കി എറിയുന്നില്ല എന്നത് (ലൂക്കാ 5,4) ഗൗരവമേറിയ കാര്യമാണ്. കർത്താവിന്റെ ശുശ്രൂഷയ്ക്കായി ജീവിതത്തെ ഉഴിഞ്ഞുവയ്ക്കാനും നമ്മുടെ സിദ്ധികൾ മറ്റുള്ളവരുടെ നന്മയ്ക്കായി ചിലവഴിക്കാനും സാധിക്കണം. ദൈവസ്നേഹത്താൽ നാം നിർബന്ധിക്കപ്പെടുന്നതായുള്ള ഒരു അനുഭവമുണ്ടാകണം.

നിർഭയത പരിശുദ്ധാത്മാവിന്റെ ഒരു മുദ്രയാണ്. പരിശുദ്ധാത്മാവിന്റെ പ്രചോദനമില്ലെങ്കിൽ ഭയപ്പാടിലും അമിതമായ ജാഗ്രതയിലും മരവിച്ചുപോകാനും സുരക്ഷിതമായ അതിർവരമ്പുകൾക്കുള്ളിലൊതുങ്ങാനും പ്രലോഭനമുണ്ടാകും. അക്കാരണത്താൽ പരിശുദ്ധാത്മാവിന്റെ കൃപതേടി പ്രാർത്ഥിക്കുകയും ആത്മാവിനാൽ പൂരിതരായി ദൈവവചനം പ്രസംഗിക്കുവാൻ ആഗ്രഹിക്കുകയും വേണം.

വ്യക്തിമേധാവിത്വം, ആദ്ധ്യാത്മികവാദം, സങ്കുചിതചിന്ത, ആസക്തി, സിദ്ധാന്തമേധാവിത്വം, ദോഷൈകവീക്ഷണം, നിയമത്തിന്റെ ശാഠ്യം തുടങ്ങിയ വെല്ലുവിളികൾ നമ്മുടെ ജീവിതത്തെ പുഴുക്കുത്തേറ്റതാക്കുവാൻ സാധ്യതയുള്ളതിനാൽ ദൈവത്തിങ്കലേക്കു തിരികെ വരാനും ദൈവികപ്രേരണയോടെ ഭയലേശമെന്യേ പ്രവർത്തിക്കാനും സാധിക്കണം.

നമ്മൾ സാധാരണമായി ചെയ്യുന്ന ചില രീതികളെ പുന:പരിശോധിക്കണം. 'കാര്യങ്ങൾ ഇങ്ങനെയൊക്കെ നടന്നുപോയി. ഇനിയും അവ അങ്ങനെയൊക്കെത്തന്നെ നടക്കും' എന്നു ചിന്തിച്ച് ഒരുതരം മയക്കത്തിന്റെ ആലസ്യത്തിലായിരിക്കുന്നവർ കണ്ണുകളും കാതുകളും തുറക്കണം. വലിയ വിശ്വസ്തതയോടുകൂടെ, ആവേശത്തോടും തീക്ഷ്ണതയോടുംകൂടെ, മടിച്ചു നില്ക്കാതെ മുന്നോട്ടുപോകുന്ന വ്യക്തികളായി മാറണം. കർത്താവിനെ പങ്കുവയ്ക്കുന്നതിനു തടസ്സമായി നില്ക്കുന്ന എല്ലാ ശക്തികളെയും നേരിടുന്നതിനുള്ള ധൈര്യത്തിനായി പ്രാർത്ഥിക്കണം. ശ്ലീഹന്മാർ നിർഭയതയോടെ സുവിശേഷം പ്രസംഗിച്ചവരായിരുന്നു.

**സമൂഹജീവിതം**

വിശുദ്ധിയിൽ വളരുക എന്നത് യഥാർത്ഥത്തിൽ കൂട്ടായ്മയിൽ മറ്റുള്ള സഹോദരങ്ങളോടു ചേർന്നുപോകുന്ന ഒരു പ്രയാണംതന്നെയാണ്. മറ്റുള്ളവരുമായി ഒത്തുചേർന്ന് ജീവിക്കുന്നതും പ്രവർത്തിക്കുന്നതും ആത്മീയവളർച്ചയുടെ പാതയാണ്. കുരിശിലെ വിശുദ്ധ യോഹന്നാൻ അഭിപ്രായപ്പെടുന്നതുപോലെ "മറ്റുള്ളവരാൽ രൂപാന്തരപ്പെടാനും പരീക്ഷിക്കപ്പെടാനുമാണ് മറ്റുള്ളവരുമായി ഒരുമിച്ചു ജീവിക്കുന്നത്". കൂട്ടായ്മയിലുള്ള ജീവിതം ഒരുവനെ വിശുദ്ധീകരിക്കും.

കൂട്ടായ്മയിൽ വസിക്കാത്തവർ മറ്റുള്ളവരിൽനിന്ന് അകന്നുപോകുവാനും, ഭോഗാസക്തിക്കും പിശാചിന്റെ കെണികൾക്കും പ്രലോഭനങ്ങൾക്കും വിധേയരാകുവാനും, ലോകത്തിന്റെ സ്വാർത്ഥതയ്ക്ക് അടിമപ്പെടാനും ഇടയുണ്ട്. വളരെയധികം വശീകരണങ്ങളാൽ ആക്രമിക്കപ്പെടുകയും യാഥാർത്ഥ്യബോധത്തിൽനിന്ന് അകന്നുപോകുകയും ചെയ്യുന്ന അപകടകരമായ ഒരു സാഹചര്യമാണിത്. കൂട്ടായ്മയിലുള്ള ജീവിതം ഈ ഭീഷണിയെ അതിജീവിക്കുന്നു.

എല്ലാ സന്ന്യാസസമൂഹങ്ങളും "ഒരു ദൈവപ്രശോഭിത ഇടം" (God enlightened space) സൃഷ്ടിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരുമിച്ചു വചനം പങ്കുവയ്ക്കുവാനും ദിവ്യബലിയർപ്പിക്കുവാനും സാഹോദര്യത്തിൽ വളരുവാനും സമൂഹജീവിതം സഹായിക്കുന്നു. ഇത് ഒരു ദൈവപ്രശോഭിത ഇടം ഉണ്ടാക്കുന്നു. മറ്റുള്ളവരെ മാറ്റിനിർത്തിക്കൊണ്ട് സുസ്ഥിരതയ്ക്കുവേണ്ടി അതിവേഗം യാത്ര ചെയ്യുമ്പോൾ നാം ഒറ്റപ്പെടുകയേയുള്ളു. ഒരുമിച്ചു യാത്ര ചെയ്യുവാൻ സാധിക്കണം. അതാണ് വിശുദ്ധി.

**നിരന്തരപ്രാർത്ഥന**

വിവിധ കാര്യങ്ങളിൽ വിശുദ്ധി അടങ്ങിയിരിക്കുന്നുവെങ്കിലും, പ്രാർത്ഥനയിലും ആരാധനയിലും പ്രകടമാകുന്ന, ദൈവത്തോടുള്ള സ്ഥിരമായ ഒരു തുറവിയിൽ വിശുദ്ധി കുടികൊള്ളുന്നു. ലോകവുമായിട്ടുള്ള മമത നിസ്സാരമാണെന്നു കരുതി ദൈവൈക്യത്തിന്റെ ആവശ്യകതയിലു പ്രാർത്ഥനാരൂപിയിലും വിശുദ്ധർ ഏറെ ശ്രദ്ധിച്ചു. ദൈവത്തിനായി ദാഹിക്കുകയും അവിടുത്തെ ധ്യാനിക്കുകയും സ്തുതിക്കുകയും ചെയ്യുക അവരുടെ ശൈലിതന്നെയായിരുന്നു.

"നിന്റെ ജോലികൾക്കനുസൃതമായി എപ്പോഴും ദൈവസാന്നിദ്ധ്യത്തിലായിരിക്കുവാൻ പരിശ്രമിക്കുക" എന്ന് കുരിശിന്റെ വിശുദ്ധ യോഹന്നാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പ്രാർത്ഥനയിൽ നിരന്തരം നിലകൊള്ളണം. അത് പ്രവർത്തനങ്ങളിൽ ഉപേക്ഷിക്കരുത്. ഭക്ഷിക്കുകയോ പാനം ചെയ്യുകയോ മറ്റുള്ളവരുമായി സംസാരിക്കുകയോ എന്തെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുമ്പോഴും ഒരുവൻ തന്റെ ഹൃദയത്തെ ദൈവത്തോടു ചേർത്തുപിടിക്കണം.

നമ്മുടെ ജീവിതത്തിൽ ദൈവവുമായി ഒറ്റയ്ക്കു ചിലവഴിക്കുന്ന ചില നിമിഷങ്ങളെങ്കിലും ഉണ്ടാകണം. "നമ്മെ സ്നേഹിക്കുന്നുവെന്ന് നമുക്കറിയാവുന്ന നമ്മുടെ ദൈവവുമായുള്ള സ്നേഹസംസർഗ്ഗമാണ് പ്രാർത്ഥന" (ആവിലായിലെ വി. അമ്മത്രേസ്യാ). ദൈവത്തിന്റെ സാന്നിദ്ധ്യം നിറഞ്ഞുനില്ക്കുന്ന ഒരു നിശബ്ദത നമുക്കെല്ലാവർക്കും ആവശ്യമാണ്. ആ നിശബ്ദതയി

ലാണ് കർത്താവിന്റെ സ്വരം ശ്രവിക്കാൻ സാധിക്കുന്നത്. കർത്താവിനോടൊത്തുള്ള ഈ സമയത്ത് കർത്താവു നമുക്കായി ഒരുക്കിയിരിക്കുന്ന വിശുദ്ധിയുടെ വഴികൾ നാം വിവേചിച്ചറിയണം. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ നമ്മുടെ പല തീരുമാനങ്ങളും പ്രഹസനങ്ങളായിത്തീരും.

ഈശോയുടെ മുഖം ധ്യാനിക്കുന്നവരാകണം നമ്മൾ. അവിടുത്തെ മുഖത്തിന്റെ ശക്തിയെ നിസ്സാരവൽക്കരിക്കരുതെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്. കർത്താവിന്റെ നോട്ടം നമ്മുടെ ഹൃദയത്തെ കത്തിജ്വലിപ്പിക്കുന്നതാകണം. അല്ലാത്തപക്ഷം നമ്മുടെ വാക്കുകളാലും പ്രവൃത്തികളാലും മറ്റുള്ളവരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുവാൻ നമുക്കു സാധിക്കുകയില്ല.

ദൈവത്തിലാശ്രയിക്കുകയും തനിക്കുതന്നെ ഒന്നും ചെയ്യുവാനാവില്ല എന്ന യാഥാർത്ഥ്യം അംഗീകരിക്കുകയും ചെയ്യുന്ന ഒരു ഹൃദയത്തിന്റെ പ്രകടനമാണ് യാചനാപ്രാർത്ഥന. വിശ്വാസനിർഭരമായ ഒരു വലിയ ആശ്രയബോധമുണ്ടാകണം. യാചനാപ്രാർത്ഥനകളും മദ്ധ്യസ്ഥപ്രാർത്ഥനകളും നടത്തണം. അവയ്ക്ക് ഒരു പ്രത്യേക മൂല്യമുണ്ട്; കാരണം അത് ദൈവത്തിലുള്ള പ്രത്യാശയുടെ പ്രകടനവും ഒപ്പം സഹോദരസ്നേഹത്തിന്റെ പ്രകാശനവുമാണ്.

ദൈവമുണ്ടെന്ന് ബോദ്ധ്യമുള്ള വ്യക്തി അവിടുത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യണം. വാഴ്ത്തപ്പെട്ട ചാൾസ് ദെ ഫുക്കോ ഇപ്രകാരം പറയുന്നു: "ഒരു ദൈവമുണ്ടെന്നു ഞാൻ വിശ്വസിച്ച നിമിഷംമുതൽ അവിടുത്തേക്കുവേണ്ടി ജീവിക്കാനല്ലാതെ വേറൊന്നും ചെയ്യാനാവില്ലെന്ന് ഞാൻ മനസ്സിലാക്കി". ഗാനാലാപനത്തിലൂടെ ദൈവത്തെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യാം. ദൈവവചനത്തിന്റെ പ്രാർത്ഥനാപൂർവകമായ വായനയിലൂടെ അവിടുത്തെ സ്വരം കേൾക്കാം. അതു നമ്മുടെ പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവുമാകും.

(തുടരും)


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER PRATHEEKSHAYUDE POOMOTTUKAL**

**Form - IV**

| | |
|---|---|
| 1. Place of Publication | : Manganam, Spirituality Centre; Manganam P.O., Kottayam |
| 2. Periodicity of Publication | : Monthly |
| 3. Printer's Name | : Annamma Kulathupurayidom |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 4. Publisher's Name | : Annamma Kulathupurayidom |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 5. Editor's Name | : Fr. Mathew Vellanickal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |

# സ്നേഹത്തിന്റെ രക്തസാക്ഷി

നൈർമല്യ മങ്ങാടൻ



വി. മാക്സിമില്യൻ കോൾബെ

**'സ്നേ**ഹിക്കുക, കേവലമായി സ്നേഹിക്കുക, പൂർണമായി സ്നേഹിക്കുക, നിബന്ധനയില്ലാതെ സ്നേഹിക്കുക' എന്ന ആപ്തവാക്യം നെഞ്ചിലേറ്റി, സ്നേഹനിർഝരിയായി മാറിയ സ്നേഹത്തിന്റെ രക്തസാക്ഷിയെ കണ്ടുമുട്ടാം...

ഹിറ്റ്ലറിന്റെ നേതൃത്വത്തിൽ നാസികളുടെ ക്രൂരതകൾ തുടരുന്ന നാളുകൾ... 1941 മെയ് മാസം 28 നാണ് മാക്സിമില്യൻ കോൾബെ ഓഷ്വിറ്റ്സ് ക്യാമ്പിൽ തടവുകാരനായത്. അദ്ദേഹത്തിനു തടവുകാരന്റെ വസ്ത്രവും 16670 എന്ന നമ്പറും ലഭിച്ചു. ചുറ്റും വൈദ്യുത പ്രവാഹമുള്ള കമ്പികളാൽ വലയം ചെയ്യപ്പെട്ട ക്യാമ്പിൽ വാസകാലം ചുരുങ്ങിയതായിരുന്നു - വധിക്കപ്പെടാൻ വിധിക്കപ്പെട്ടവരുടെ വാസസ്ഥലം. യഹൂദർക്ക് രണ്ടാഴ്ച, വൈദികർക്ക് ഒരു മാസം, മറ്റുള്ളവർക്കു മൂന്നുമാസം. ഫാ. കോൾബെ തന്റെ ജീവിതാനുഭവത്തെ ദൈവഹിതമായി കാണുവാനാശിച്ചു. തന്റെ പൗരോഹിത്യധർമ്മം പൂർത്തിയാക്കുവാൻ ലോകത്തിൽ ഇതിലും നല്ലൊരിടം വേറെയില്ല എന്ന് അദ്ദേഹം പരിപൂർണമായും വിശ്വസിച്ചു. മർദ്ദനവും പട്ടിണിയും തടങ്കൽപാളയത്തിലെ കൂട്ടുകാരായിരുന്നു. രാവിലെ ഹാജർ എടുക്കുന്നതിനായി ഗ്രൗണ്ടിൽ നിർത്തും. ആരെങ്കിലും രക്ഷപെട്ടതായി കണ്ടാൽ അവർക്കു പകരം പത്തുപേരെ പട്ടിണിക്കിട്ടു കൊല്ലുകയായിരുന്നു പതിവ്. മധുരം ചേർത്ത ഒരു കപ്പ് കാപ്പി പ്രഭാതഭക്ഷണമായി നല്കിയതിനുശേഷം കഠിനമായ നിർബന്ധിതജോലിയാണ്. ഉച്ചയാകുമ്പോൾ വെള്ളംപോലിരിക്കുന്ന ഒരു കപ്പ് സൂപ്പ്... തുടർന്നും കഠിനമായ ജോലി. അത്താഴം ഒരു കപ്പു ചായയും ഒരു റൊട്ടിക്കഷണവും. ഒരു കഷണം റൊട്ടിക്കുവേണ്ടി പരസ്പരം മല്ലിട്ട് മരണപ്പെടുന്നവരും ഏറെയായിരുന്നു. ഒന്നുകിൽ മർദ്ദനമേറ്റ് അല്ലെങ്കിൽ പട്ടിണികൊണ്ട് തടവുകാരിലധികംപേരും മരണത്തിനു കീഴ്പ്പെട്ടിരുന്നു. സ്നേഹത്തിന്റെ ശക്തിയെ സഹജർക്ക് അനുഭവവേദ്യമാക്കുവാൻ ഫാ.

കോൾബെ തനിക്കു ലഭിക്കുന്ന റൊട്ടി അപരന് പങ്കുവച്ചും മർദ്ദനത്താൽ അവശരായവരുടെ പാത്രങ്ങൾ കഴുകിക്കൊടുത്തും ശവശരീരങ്ങൾ നീക്കംചെയ്തും സ്നേഹത്തിന്റെ രക്തസാക്ഷിത്വം ജീവിച്ചുകൊണ്ടേയിരുന്നു.

ക്രോട്ട് എന്ന ക്രൂരനായ മനുഷ്യന്റെ മേൽനോട്ടത്തിൽ വൈദികർക്ക് ഇരട്ടിപ്പണി ചെയ്യേണ്ടിവന്നിരുന്നു. 47 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഫാ. കോൾബെ നന്നായി ക്ഷീണിച്ചവശനായിരുന്നു. ഒരിക്കൽ ഭാരമുള്ള ചുമടുകൾ ചുമലിൽവച്ച് ഓടിക്കുകയും വീണുപോയപ്പോൾ മർദ്ദിച്ചവശനാക്കുകയും ചെയ്തു. അതിനുശേഷം പട്ടിയെ അഴിച്ചുവിട്ട് ആക്രമിപ്പിക്കുകയും തൊഴിക്കുകയും ചെയ്തതുകൂടാതെ തടിക്കഷണത്തിന്റെ പുറത്തുകിടത്തി സഹതടവുകാരനെക്കൊണ്ട് അമ്പതുതവണ അടിപ്പിച്ചു. മൃതപ്രായനായപ്പോൾ കുഴിയിലേക്ക് തള്ളി കരിയിലകളാൽ മൂടി. സന്ധ്യയ്ക്ക് സഹതടവുകാർ മുറിയിൽ കൊണ്ടുവരുമ്പോൾ മരവിച്ച ശരീരമാസകലം ചതവുകളും മുറിവുകളുമായിരുന്നു. അപ്പോഴും അദ്ദേഹം സഹതടവുകാരെ ആശ്വസിപ്പിക്കുകയും ക്ഷമിക്കാൻ ഓർമ്മിപ്പിക്കുകയും വെറുപ്പുപേക്ഷിച്ച് സ്നേഹിക്കാൻ പഠിപ്പിക്കുകയും ചെയ്തു.

ഒരിക്കൽ തടവുകാരുടെ ഹാജർ എടുക്കുന്ന സമയം... ഒരാളെ കാണാനില്ല. ആരെങ്കിലും രക്ഷപെട്ടാൽ അവർക്കു പകരം പത്തുപേരെ പട്ടിണിക്കിട്ടു കൊല്ലുക എന്ന പതിവു ശിക്ഷ നടപ്പാക്കുന്നതിനു മുന്നോടിയായി എല്ലാവരെയും പൊരിയുന്ന വെയിലിൽ നിർത്തി. തളർന്നു വീണവർ പലരുണ്ടായിരുന്നു. വൈകുന്നേരം ക്യാമ്പ് മേധാവിയും ഓഫീസറും വന്നു. എല്ലാവരുടെയും ഉള്ളം ഭയംകൊണ്ടു വിറച്ചു. കൊല്ലുവാനുള്ളവരുടെ പേരുകൾ ഓരോന്നായി വിളിച്ച് അവരെ മാറ്റിനിർത്തി. അതിലൊരാൾ ഉച്ചത്തിൽ നിലവിളിച്ചു: “എനിക്കെന്റെ ഭാര്യയെയും കുഞ്ഞുങ്ങളെയും കാണാൻ സാധിക്കില്ലല്ലോ...” ഫ്രാൻസിസ് ഗെയോണിഷ് ആയിരുന്നു അത്. ആ നിലവിളി ഫാ. കോൾബെയുടെ ഹൃദയത്തെ വല്ലാതെ ഉലച്ചു. അദ്ദേഹം മേധാവിയുടെ മുമ്പിൽ വന്നു പറഞ്ഞു: “ഞാൻ പോളണ്ടുകാരനായ കത്തോലിക്കാ പുരോഹിതൻ. അദ്ദേഹത്തിനു പകരമായി ഞാൻ മരിച്ചുകൊള്ളാം”. മേധാവി അതു സമ്മതിച്ചു.

മരണബ്ലോക്ക് എന്നറിയപ്പെടുന്ന പതിനൊന്നാം ബ്ലോക്കിലേക്ക് പത്തു പേരും മാറ്റപ്പെട്ടു. ഇരുമ്പറയ്ക്കുള്ളിൽ വിവസ്ത്രരാക്കപ്പെട്ട് മരണം കാത്തുകഴിയുന്നവർ സാധാരണ ശാപവാക്കുകളും നിലവിളികളുമാണുയർത്തുക. എന്നാൽ ഭക്ഷണമില്ലാതെ, കുടിക്കാൻ ഒരുതുള്ളി വെള്ളമില്ലാതെ വലയുന്ന അവർ ഒരുമിച്ചിതാ ജപമാല ചൊല്ലി ദൈവത്തെ സ്തുതിക്കുന്നു! കുറച്ചുനാൾക്കൂടി ജീവിക്കണം എന്ന ആഗ്രഹംകൊണ്ടല്ല, എല്ലാവരെയും മരണത്തിനൊരുക്കി പറഞ്ഞയയ്ക്കാൻ ഒരു വൈദികൻ ഉണ്ടാവണം എന്ന ആഗ്രഹംകൊണ്ടും എല്ലാ ആത്മാക്കളും രക്ഷ നേടണം എന്ന ആഗ്രഹംകൊണ്ടും ഫാ. കോൾബെ അവസാനം മരണം വരിക്കാനാഗ്രഹിച്ചു. രണ്ടാഴ്ച പട്ടിണി കിടന്നിട്ടും മരിക്കാതിരുന്ന അവസാന നാലു പേരിലൊരാൾ ഫാ. കോൾബെയായിരുന്നു. അവരെ വിഷം കുത്തിവച്ചു കൊല്ലാനായിരുന്നു അധികാരികളുടെ തീരുമാനം. 1941 ഓഗസ്റ്റ് 14... ഫാ. കോൾബെയുടെ ദിവസം. പഠനകാലത്തു പഴുത്ത് വ്രണമാകുകയും ലൂർദ്ദിലെ പുണ്യജലത്തിൽ കഴുകി സൗഖ്യം പ്രാപിക്കുകയും ചെയ്ത കരം അദ്ദേഹം നീട്ടിക്കൊടുത്തു, ലീതൽ ആസിഡ് കുത്തിവയ്ക്കുവാൻ... അങ്ങനെ സ്നേഹം ബലിയായി.

സ്നേഹത്തിന്റെ ശക്തി ശത്രുതയുടെ ശക്തിയെക്കാൾ അപാരമെന്ന് ബലിജീവിതംവഴി ഫാ. മാക്സിമില്യൻ കോൾബെ വരച്ചുകാട്ടുകയായിരുന്നു.

സ്നേഹം ബലിയായ് തീരുന്നു
ചങ്കും ചോരയുമേകുന്നു
സ്നേഹം കുരിശിൽ പൂർണമാകുന്നു.

**വിശുദ്ധപദവിയിലേക്ക്**
**1982 ഒക്ടോബർ 10**



# കാവലാൾ- 14

ജാൻസിറ്റീച്ചർ
കറുകപ്പറമ്പിൽ

**സ്റ്റീനാ** അന്ന് പതിവിലേറെ സന്തോഷവതിയായിരുന്നു. ഉത്സാഹത്തോടെ ഓടിച്ചാടി അവൾ നടക്കുന്നതു കണ്ടപ്പോൾ മിനിമോൾ അവളോടു ചോദിച്ചു. “എന്താ ചേച്ചീ, ഇന്നിത്ര സന്തോഷം?”

“അതോ... അതൊക്കെയുണ്ട്. പിന്നെ പറയാമേ”.

അതുകേട്ടുകൊണ്ടാണ് ഗൊരേത്തിയമ്മ അങ്ങോട്ടുവന്നത്.

“എന്താ സ്റ്റീനാ... എന്തോ സമ്മാനം കിട്ടിയതുപോലെയുണ്ടല്ലോ?”

“ആ... സമ്മാനം കിട്ടിയമ്മേ”. അവൾ ഗൊരേത്തിയമ്മയുടെ അടുത്തുചെന്ന് അമ്മയുടെ കയ്യിൽ ചുംബിച്ചു.

“മോളേ സ്റ്റീനാ, നീയടുത്തു വന്നപ്പോൾ നല്ല മണം... എന്താ നീ ദേഹത്തു പൂശിയത്?”

“ഞാനൊന്നും പൂശിയിട്ടില്ലമ്മേ...”

“പക്ഷേ...”

‘‘അമ്മേ, ഇതാ ആ സമ്മാനം”. അവളുടെ കവിളിൽ പശപോലെ പറ്റിയിരുന്ന സുഗന്ധം പ്രസരിക്കുന്ന ഭാഗം അവൾ തൊട്ടുകാണിച്ചു.

“ഇതെന്താ മോളേ...”

“അമ്മേ, എനിക്ക് ഉണ്ണീശോയുടെ ഉമ്മ കിട്ടി”

നിഷ്കളങ്കമായി അവളതു പറഞ്ഞപ്പോൾ ഗൊരേത്തിയമ്മ അവളെ ചേർത്തുപിടിച്ച് ആ കവിളിൽ ചുംബിച്ചു. ശരിയാണ്... ആ സുഗന്ധം! നറും പശപോലെ പറ്റിയിരുന്ന ഉണ്ണീശോയുടെ ആ സുഗന്ധം...

ഗൊരേത്തിയമ്മ പറഞ്ഞു: ‘‘മോളേ, നീയെത്ര ഭാഗ്യവതിയാണ്... ലോകത്തിലെ ബാക്കി എന്തെല്ലാം സൗഭാഗ്യങ്ങൾക്കും മേലെയാണ് നിനക്കു കിട്ടിയിരിക്കുന്ന ഈ ഭാഗ്യം. നീ എന്നും വിശുദ്ധിയിൽ ജീവിക്കണം. ഒരിക്കലും ദൈവം നല്കുന്ന ഈ സ്വർഗീയദാനങ്ങളിൽ അഹങ്കരിക്കരുത്. മോൾക്കറിയാമോ മൺപാത്രത്തിൽ നല്കപ്പെടുന്ന നിധിയാണ് ദൈവാത്മാവിന്റെ വരദാനങ്ങൾ. ദൈവം ചിലരെ ചില പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി മാറ്റിനിർത്തി വിശുദ്ധീകരിക്കും. പക്ഷേ അതിൽ അഹങ്കരിക്കരുത്”.

‘‘എനിക്കു മനസ്സിലായി അമ്മേ.

കഴിഞ്ഞദിവസം പരിശുദ്ധ അമ്മയുടെ സുഗന്ധം വന്നപ്പോൾ ഞാൻ അമ്മയോടു പ്രാർത്ഥിച്ചിരുന്നു ഉണ്ണീശോയെ ഒന്നു തൊടാൻ സമ്മതിക്കണമെന്ന്. അതുകൊണ്ടിന്ന് വിശുദ്ധ കുർബാന സ്വീകരിച്ചുകഴിഞ്ഞപ്പോൾ അമ്മ ഉണ്ണീശോയെ എടുത്തുകൊണ്ടുവന്ന് എനിക്ക് ഉമ്മ തരുവിച്ചതാ..."

സ്റ്റീനാ പോയിക്കഴിഞ്ഞിട്ടും ഗൊരേത്തിയമ്മ അതേക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്നു. ഈ ലോകത്തിൽ എത്രയോ മനുഷ്യർ... നന്മയിലും തിന്മയിലും ജീവിതം കഴിച്ചുകൂട്ടുന്നവർ. ചിലരെ ദൈവം പ്രത്യേകമായി മാറ്റിനിർത്തുന്നു. ചിലരിൽ ദൈവാത്മാവിന്റെ പ്രത്യേക വരദാനങ്ങൾ പ്രകടമാകുന്നു. പക്ഷേ അതൊരിക്കലും സ്വന്തം നേട്ടങ്ങൾക്കുവേണ്ടിയല്ല. ഇതു തിരിച്ചറിയാതെ വരദാനങ്ങളിൽ മതിമറന്ന് സ്വയം ദൈവമായി അവരോധിച്ച് ചിലർ പിശാചിന്റെ താവളത്തിലെത്തുന്നു. "ദൈവപിതാവേ, ഈ കൊച്ചിനെ കാത്തോണേ. നീ നിന്റെ റൂഹായെ അയച്ച് അവളെ ശക്തിപ്പെടുത്തണേ. അവളുടെ കാവലാളായി എപ്പോഴും വിശുദ്ധരെ അയയ്ക്കണമേ". പ്രാർത്ഥിച്ച് തിരിഞ്ഞു നോക്കിയപ്പോൾ ജോസച്ചൻ അങ്ങോട്ടു കയറിവരുന്നത് ഗൊരേത്തിയമ്മ കണ്ടു. ജോസച്ചൻ സെമിനാരിയിൽ പഠിപ്പിക്കുന്ന വൈദികനാണ്. ദൈവകരുണയെക്കുറിച്ച് എപ്പോഴും പ്രസംഗിക്കുന്ന അച്ചൻ ജീവിതത്തിലും ആ കരുണ കാണിക്കുന്ന ആളാണ്. ശാന്തനും സൗമ്യനുമായ ആ വൈദികൻ ഇടയ്ക്കിടെ ഓർഫനേജിലെ കുട്ടികൾക്കായി തനിക്കു കിട്ടുന്നതിന്റെ ഓഹരി നല്കാറുണ്ട്.

"എന്തുണ്ട് ഗൊരേത്തിയമ്മേ വിശേഷങ്ങൾ..."

"അച്ചൻ വന്നതു നന്നായി. എനിക്ക് അച്ചനോട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ടായിരുന്നു".

ഗൊരേത്തിയമ്മ സ്റ്റീനായെക്കുറിച്ചും അവളുടെ പ്രത്യേക അനുഭവങ്ങളെക്കുറിച്ചുമെല്ലാം ജോസച്ചനെ വിവരിച്ചു കേൾപ്പിച്ചു. ജോസച്ചൻ അതെല്ലാം കേട്ടിട്ട് അവളെ കാണാൻ പറ്റുമോ എന്നന്വേഷിച്ചു. സ്റ്റീനാ വന്നപ്പോൾ അച്ചൻ അവളോടു പറഞ്ഞു: "മോളേ, ദൈവം നിന്നെ ചില പ്രത്യേക കാര്യങ്ങൾക്ക് ഒരുക്കുന്നുണ്ട്. സിസ്റ്റർ ഫൗസ്റ്റീനയ്ക്കാണ് ദൈവകരുണയുടെ മഹത്ത്വം വെളിപ്പെടുത്തിക്കൊടുത്തത്. ആ പേര് സ്വീകരിച്ചിരിക്കുന്നതുകൊണ്ട് വിശുദ്ധയുടെ സഹായം എപ്പോഴും കിട്ടും. മോൾ ഒരു കാര്യം ശ്രദ്ധിക്കണം. മോളുടെ എല്ലാ എക്സ്പീരിയൻസുകളും എല്ലാവരോടും ഷെയർ ചെയ്യരുത്. അത് ദൈവം കൃത്യമായി മനസ്സിലാക്കിത്തരും. ഇത്തരം അനുഭവങ്ങൾ ഉള്ള പലരേയും ഞാൻ കണ്ടിട്ടുണ്ട്. ചിലർക്ക് കുറച്ചുകാലത്തേക്ക് ഈ അനുഭവങ്ങൾ നീണ്ടുനില്ക്കും. ചിലർക്ക് ഒന്നോ രണ്ടോ തവണ മാത്രമായി ഇങ്ങനെയുണ്ടാകും. എന്തായാലും മോൾ ഏറെ പ്രാർത്ഥിക്കുക. കുറേയേറെ സഹിക്കാൻ തയ്യാറാവുക".

ജോസച്ചൻ പറഞ്ഞതെല്ലാം അവൾക്കു ഗ്രഹിക്കാനായില്ല. പക്ഷേ അവസാനം പറഞ്ഞത് അവൾക്കു കൃത്യമായി മനസ്സിലായി. സഹനം ഇനി പിന്നാലെയുണ്ട് എന്നത്. അതു മാതാവും ഒരിക്കൽ പറഞ്ഞിരുന്നതായി അവൾ ഓർത്തു.

അവൾ പോയിക്കഴിഞ്ഞപ്പോൾ അച്ചൻ സിസ്റ്ററിനോടു പറഞ്ഞു: "ഗൊരേത്തിയമ്മ ആ കൊച്ചിന് എപ്പോഴും ഒരു സഹായമായിരിക്കണം. അവളെ ഒരുക്കാൻ ഗൊരേത്തിയമ്മയ്ക്കാണ് കഴിയുക. അവൾക്കുവേണ്ടി ഏറെ പ്രാർത്ഥിക്കണം. ഞാനും പ്രാർത്ഥിക്കാം". ഒരു വലിയ നിയോഗം ഏറ്റെടുക്കുന്നതുപോലെ ഗൊരേത്തിയമ്മ മൂളി. പക്ഷേ ആ മൂളലിൽ ഏറെ അർത്ഥങ്ങൾ ഉണ്ടായിരുന്നു.

(തുടരും)




**റവ. ഫാ. ആന്റണി കാച്ചാംകോട്ട്**
**ചങ്ങനാശ്ശേരി അതിരൂപത**

**ഇ**ത് ഉയിർപ്പുകാലം. നാം നിത്യ നരകാഗ്നിയിൽ വീഴാതിരിക്കുവാൻ നമ്മുടെ കർത്താവീശോമിശിഹാ ഈ ലോകത്തിൽ വന്ന് പീഡാസഹനങ്ങളെ ഏറ്റെടുത്ത് മരിച്ച് ഉത്ഥാനം ചെയ്ത് സ്വർഗം നമുക്കുവേണ്ടി തുറന്നുതന്നു എന്നതിൽ നാമെല്ലാവരും സന്തോഷിക്കുന്ന സമയമാണ് ഇത്. സ്വർഗത്തെക്കുറിച്ചുള്ള പ്രത്യാശതന്നെ ഒത്തിരി സന്തോഷം പകരുന്നതാണ്. നമുക്കു സന്തോഷിക്കാം... ആഹ്ലാദിക്കാം... കാരണം നമുക്കുവേണ്ടി കർത്താവ് സ്വർഗം തുറന്നുവച്ച് കാത്തിരിപ്പുണ്ട്. പക്ഷേ ഈ ഉയിർപ്പുകാലത്ത് മറ്റൊരു ചിന്തകൂടി നമുക്ക് ഉണ്ടാവേണ്ടതുണ്ട്. എനിക്കുവേണ്ടി ഈ ലോകത്തിൽവന്ന് പീഡകൾ സഹിച്ച് ഉത്ഥാനം ചെയ്ത് സ്വർഗം തുറന്നു വച്ചു കാത്തിരിക്കുന്ന ഈശോ ഇന്ന് സന്തോഷിക്കുന്നുണ്ടോ? അവന് സന്തോഷമുണ്ടാവണമെങ്കിൽ ഞാൻ സ്വർഗത്തിലെത്തണം. അതുകൊണ്ടുതന്നെ ഈ ഉയിർപ്പുകാലം ഈശോ നമുക്കുവേണ്ടി സ്വർഗം തുറന്നുതന്നതിനെ ഓർത്ത് സന്തോഷിക്കുന്നതിനോടൊപ്പം ഞാൻ സ്വർഗത്തിലെത്താനുള്ള സാധ്യതയുണ്ടോ എന്നുകൂടി ചിന്തിക്കണം. കാരണം, ഞാൻ സ്വർഗത്തിലെത്തിയെങ്കിലേ ഈശോയ്ക്കു സന്തോഷിക്കാനാവൂ.

സ്വർഗത്തിലെത്താൻ ഞാൻ എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടോ?

പലപ്പോഴും പിശാചുതന്നെ നമ്മുടെയുള്ളിൽ വച്ചുതരുന്ന ഒരു ചിന്തയാണ് "കർത്താവ് എനിക്കുവേണ്ടി എല്ലാം ചെയ്തു തന്നിട്ടില്ലേ? ഇനി ഞാൻ സ്വർഗത്തിൽ പൊയ്ക്കൊള്ളും. എന്റെ സ്വർഗീയപ്രവേശനത്തിന് എനിക്കൊന്നും ചെയ്യാനില്ല". പലപ്പോഴും ഈ ചിന്തയാണ് ക്രിസ്ത്യാനികളായ നമ്മെപ്പോലും നരകത്തിൽ പതിപ്പിക്കുന്നതും അല്ലെങ്കിൽ നീണ്ട കാലത്തേക്ക് ശുദ്ധീകരണസ്ഥലത്ത് പീഡാസഹനം അനുഭവിക്കേണ്ടി വരുത്തുന്നതും.

എന്റെ സ്വർഗീയപ്രവേശനത്തിന് കർത്താവീശോമിശിഹായുടെ പീഡാസഹനത്തോടു ചേർത്ത് ഞാൻ എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ? ഇതാവട്ടെ ഈ ഉയിർപ്പുകാലത്തെ നമ്മുടെ ചിന്താവിഷയം.

കർത്താവീശോമിശിഹായുടെ പീഡാസഹനത്തിനും അവന്റെ രക്തത്തിനുമല്ലാതെ മറ്റൊന്നിനും എന്നെ നിത്യനരകത്തിൽനിന്നു രക്ഷിക്കാൻ കഴിവില്ല. എന്നാൽ കർത്താവു നേടിത്തന്ന ഈ രക്ഷ സ്വന്തമാക്കാനുള്ള ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കും ഉണ്ട്. എങ്ങനെയാണ് നമുക്ക് രക്ഷ സ്വന്തമാക്കാനാവുക?

**1. വിശുദ്ധ കുമ്പസാരം (പാപങ്ങളുടെ മോചനം)**

സർവശക്തനായ ദൈവം പലപ്പോഴും നിസ്സഹായനായി പോകുന്നത് മനുഷ്യന്റെ മുമ്പിലാണ്. കാരണം മറ്റൊന്നുമല്ല. ദൈവം അവന്റെ സ്വാതന്ത്ര്യത്തിന് അത്രമാത്രം വില കൊടുക്കു



ന്നുണ്ട്. അതുകൊണ്ടാണ് വിശുദ്ധ ആഗസ്തീനോസ് ഇപ്രകാരം പറയുന്നത്: “അല്ലയോ മനുഷ്യാ, നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവത്തിന് നിന്നെക്കൂടാതെ നിന്നിൽ ഒന്നും ചെയ്യാനാവില്ല”. മനുഷ്യൻ സമ്മതിക്കാതെ ദൈവത്തിന് അവനിൽ പ്രവർത്തിക്കാനാവില്ല. അതുകൊണ്ടാണ് കർത്താവ് ഇപ്രകാരം പറയുന്നത്: “ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും” (മത്താ 7,7). മനുഷ്യൻ ചോദിക്കാത്തിടത്തോളംകാലം എല്ലാ സൗഭാഗ്യങ്ങളും തരുവാൻ തയ്യാറായിട്ടുള്ള സർവ്വശക്തനായ ദൈവം നിസ്സഹായനായി പോകും. നിനക്കുവേണ്ടി പാപമോചനം ഒരുക്കിവച്ചു കാത്തിരിക്കുന്ന കർത്താവിന് നിന്നോടു പൊറുക്കുവാനാവണമെങ്കിൽ നീ പാപിയാണ് എന്ന് ദൈവസന്നിധിയിൽ ഏറ്റു പറയാൻ മനസ്സുകാണിക്കണം. തന്നെയുമല്ല, നീ മനുഷ്യനോട് പാപം ചെയ്യുന്നതുകൊണ്ട്, ‘ഈ സഹോദരനോടു രമ്യതപ്പെടാതെ ദൈവത്തോടു രമ്യപ്പെടാനാവില്ല’ എന്ന കർത്താവിന്റെ വാക്കുകൾ തെറ്റു പറ്റാത്തതുമാണ്. വിശുദ്ധ കുമ്പസാരത്തിൽ നീ പാപങ്ങൾ ഏറ്റു പറയുമ്പോൾ ഞാൻ പാപിയാണ് എന്നെ രക്ഷിക്കണമേ എന്ന് കർത്താവിനോട് അപേക്ഷിക്കുകയും സഹോദരങ്ങളോട് എല്ലാവരോടും രമ്യപ്പെടുകയും ചെയ്യുകയാണ്. അതുവഴി മാത്രമേ ദൈവത്തോട് മനുഷ്യനു രമ്യപ്പെടാനാവൂ. വിശുദ്ധ കുമ്പസാരം നിനക്കുവേണ്ടി കർത്താവു നേടിത്തന്ന ഉത്ഥാനം അഥവാ സ്വർഗം സ്വന്തമാക്കാനുള്ള ആദ്യപടിയാണ്. ഈ ആദ്യപടിയിൽ ചവിട്ടാതെ നിനക്ക് സ്വർഗം സ്വപ്നം കാണാനാവില്ല.



**2. ദണ്ഡവിമോചനം (കടങ്ങളുടെ പൊറുതി)**

പാപം ചെയ്ത മനുഷ്യൻ വിശുദ്ധ കുമ്പസാരത്തിലൂടെ ഈശോയുടെ തിരുരക്തത്തിന്റെ യോഗ്യതയാൽ പാപങ്ങൾ മോചിക്കപ്പെട്ട് നിത്യനരകാഗ്നിയിൽനിന്നു രക്ഷ നേടും. എന്നാൽ തിന്മ മനുഷ്യനിൽ പാപം മാത്രമല്ല മറിച്ച് കടങ്ങൾകൂടി സൃഷ്ടിക്കും. പാപങ്ങൾ നമ്മെ നിത്യനരകത്തിന് അർഹമാക്കുന്നുവെങ്കിൽ കടങ്ങൾ നമുക്ക് കാലികശിക്ഷയ്ക്ക് കാരണമാകുന്നു. പാപങ്ങൾ കർത്താവീശോമിശിഹായുടെ തിരുരക്തത്തിന്റെ യോഗ്യതയാൽ വിശുദ്ധ കുമ്പസാരത്തിലൂടെ കഴുകിക്കളയപ്പെടുമ്പോൾ കടങ്ങൾ നമ്മുടെ പ്രവൃത്തി

കൾമൂലം ഇല്ലാതാകേണ്ടതാണ്. “നീ പ്രതിയോഗിയോട് വഴിക്കുവച്ചുതന്നെ വേഗം രമ്യപ്പെട്ടു കൊൾക. അല്ലെങ്കിൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ സേവകനും ഏല്പി ച്ചുകൊടുക്കും. അങ്ങനെ നീ കാരാഗൃഹത്തിൽ അടയ്ക്കപ്പെടും” (മത്താ 5,25).

എന്താണ് കടങ്ങൾ? നാം ഒരു പാപം ചെയ്യുമ്പോൾ സ്വർഗവുമായുള്ള ബന്ധം മാത്രമല്ല നമുക്കു നഷ്ടപ്പെടുന്നത്. മറിച്ചു മനുഷ്യരുമായും പ്രകൃതിയുമായുമൊക്കെയുള്ള ബന്ധവും നഷ്ടപ്പെടുന്നുണ്ട്. ഒപ്പം ചില നഷ്ടങ്ങളും കണ്ണീരുമെല്ലാം ഇതിന്റെ ഫലങ്ങളാണ്. വിശുദ്ധ കുമ്പസാരത്തിലൂടെ പാപങ്ങൾ മോചിക്കപ്പെടുമെങ്കിലും അവയ്ക്കെല്ലാം നാം പരിഹാരവും ചെയ്യേണ്ടതുണ്ട്. ഉദാഹരണമായി ഞാൻ ഒരാളുടെ കുറ്റം പറയുമ്പോൾ അയാൾ കാലാകാല ങ്ങളായി ഉണ്ടാക്കിവച്ച സത്പേര് ഞാൻ കാരണം നഷ്ടപ്പെട്ടുപോകാം. ഇതു ചിലപ്പോൾ എനിക്കു പരിഹരിക്കാനാവുന്നതും മറ്റു ചിലപ്പോൾ ഞാൻ വിചാരിച്ചാൽ പരിഹരിക്കാൻ പറ്റാ ത്തതുമാകാം. മറ്റൊരു ഉദാഹരണം പറഞ്ഞാൽ ഭ്രൂണഹത്യ എന്ന പാപം ചെയ്യാനിടയായാൽ അതിന്റെ കടങ്ങൾ നമുക്കു പരിഹരിക്കാനാവില്ല. കാരണം അതുവഴിയുണ്ടായ കടം എന്നന്നേ ക്കുമായി ഉള്ളതാണ്. ഇപ്രകാരം പാപംമൂലം ഉണ്ടായ കടങ്ങൾ നമുക്കു പരിഹരിക്കാനാവുന്ന താണെങ്കിൽ അത് ഈ ലോകത്തിൽവച്ചുതന്നെ പരിഹരിക്കുവാൻ നമുക്കു കടമയുണ്ട്. എന്നാൽ നമുക്കു പരിഹരിക്കാനാവുന്നതിന് അപ്പുറമുള്ള കടങ്ങൾ പരിഹരിക്കുവാൻ പിതാവായ ദൈവം ഈശോമിശിഹായുടെയും സകല വിശുദ്ധരുടെയും പുണ്യപ്രവൃത്തികളുടെ നിക്ഷേപം സഭയെ ഏല്പിച്ചിരിക്കുകയാണ്. ഈ നിക്ഷേപത്തിൽനിന്ന് മാർപാപ്പ സഭയുടെ തലവനെന്ന രീതി യിൽ നാം ചെയ്യുന്ന ചില സത്പ്രവൃത്തികൾക്കു പ്രഖ്യാപിച്ചിരിക്കുന്ന കടങ്ങളുടെ പൊറുതി യാണ് ദണ്ഡവിമോചനങ്ങൾ. നാം ചെയ്യുന്ന ഓരോ പാപംമൂലമുണ്ടാകുന്ന കടങ്ങൾക്കും നാം പ്രത്യേകം പ്രത്യേകം ദണ്ഡവിമോചനം വാങ്ങിച്ചെടുക്കേണ്ടതുണ്ട്. പാപങ്ങൾ മോചിക്കപ്പെടു കയും എന്നാൽ കടങ്ങളുടെ പൊറുതി ലഭിച്ചിട്ടില്ലാത്തവരുമായ ആത്മാക്കളാണ് അവ വീട്ടു വോളം ശുദ്ധീകരണസ്ഥലത്തു കിടക്കേണ്ടിവരുന്നത്. ശുദ്ധീകരണസ്ഥലത്തിന്റെ ദർശനങ്ങൾ ഉണ്ടായിട്ടുള്ള വിശുദ്ധർ പയുന്നത് ശുദ്ധീകരണസ്ഥലം എന്നത് സുഖകരമായ ഒരു അവസ്ഥയ ല്ല, മറിച്ച് സ്വർഗം കിട്ടുമെന്ന പ്രത്യാശയിൽ നരകത്തിലെ അതേ വേദന അനുഭവിക്കുന്ന സ്ഥലമാണ് എന്നാണ്.

### 3. സത്പ്രവൃത്തികൾ

ദൈവം കണക്കുചോദിക്കുന്ന കാര്യങ്ങളാണ് ചെയ്യാതെ പോയ സത്പ്രവൃത്തികൾ. “ധന വാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കട ക്കുന്നതാണ്” (മത്താ 19,24) എന്ന് കർത്താവുതന്നെ പറഞ്ഞിരിക്കുന്നു. ബൈബിൾ ഭാഷ്യമനു സരിച്ച് ദൈവത്തോട് ആശ്രയബോധമില്ലാത്തവനാണ് ധനവാൻ. എല്ലാം ദൈവം തന്നതാണ് എന്ന ബോധ്യമുള്ളവനാണ് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നത്. വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ സ്വർഗത്തിലേക്കുള്ള പ്രവേശനത്തിന് മാനദണ്ഡമായി കർത്താവു പറ യുന്നത് എത്രമാത്രം സത്പ്രവൃത്തികൾ ചെയ്തു എന്നുള്ളതാണ്. “ജലം ജ്വലിക്കുന്ന അഗ്നിയെ കെടുത്തുന്നതുപോലെ ദാനധർമ്മം പാപത്തിനു പരിഹാരമാണ്” (പ്രഭാ 3,30) എന്ന് കർത്താ വുതന്നെ പഠിപ്പിച്ചിട്ടുണ്ട്.

കർത്താവിന്റെ ഉത്ഥാനത്തിന്റെ സന്തോഷം പങ്കുവയ്ക്കുന്നതോടൊപ്പം അവനോടൊപ്പം ആയിത്തീരാനുള്ള പ്രവൃത്തികൾ ചെയ്യാൻ നമുക്കും തയ്യാറാകാം. സ്വർഗത്തിൽ നമുക്കുവേണ്ടി വാതിൽ തുറന്നിട്ടു കാത്തിരിക്കുന്ന സ്വർഗീയപിതാവിന്റെ അടുത്ത് എത്തിച്ചേരുവാൻ ആഗ്രഹി ക്കുകയും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. ദൈവം എല്ലാവരെയും അനുഗ്രഹി ക്കട്ടെ.



# വഴികാട്ടികൾ

**ഫാ. ഷിബു പുളിക്കൽ,**
നെരൂൾ, കല്യാൺ

**ട്രെ**യിൻ പുറപ്പെടുന്നതിനു കുറച്ചുമുമ്പുതന്നെ റെയിൽവേ സ്റ്റേഷനിലെത്തിയ ഞങ്ങൾ ആദ്യംകണ്ട ആളൊഴിഞ്ഞ കമ്പാർട്ടുമെന്റിൽ കയറിയിരുന്നു. ട്രെയിൻ പുറപ്പെടാൻ ഇനിയും പത്തു മിനിറ്റു ബാക്കിയുണ്ട്. കുറച്ചുകഴിഞ്ഞപ്പോൾ വേറെ കുറേ യുവാക്കളും കയറിവന്നു. പിന്നീട് കുറേ സ്ത്രീകളും അതിൽ കയറി. പ്രായം ചെന്ന ഒരു സ്ത്രീ ഞങ്ങളിരുന്ന കമ്പാർട്ടുമെന്റിലേക്കു കയറിവന്നു. അവിടെയിരിക്കുന്ന എല്ലാ പുരുഷന്മാരെയും നോക്കി പറഞ്ഞു: "ഇതു സ്ത്രീകളുടെ കമ്പാർട്ടുമെന്റാണ്". കേട്ടപാടെ ഞങ്ങൾ എല്ലാവരും ഇറങ്ങി അടുത്ത കമ്പാർട്ടുമെന്റിലേക്ക് ഓടി.

പിന്നീടാണ് സംഭവം മനസ്സിലായത് – ഞങ്ങൾ കയറിയിരുന്ന കമ്പാർട്ടുമെന്റ് സ്ത്രീകളുടേതായിരുന്നുവെങ്കിലും ബോർഡു നോക്കാതെയാണ് ഞങ്ങൾ കയറിയിരുന്നത്. ഞങ്ങൾ ഇരിക്കുന്നതു കണ്ട് മറ്റുള്ളവരും ബോർഡു ശ്രദ്ധിക്കാതെ കയറിയിരുന്നു.

ആദ്യം കയറിയിരുന്ന ഞങ്ങളായിരുന്നു അവിടെ മറ്റുള്ളവരെ വഴി തെറ്റിച്ചതിനു കാരണമെന്നു മനസ്സിലാക്കാൻ ഞങ്ങൾക്ക് അധികസമയം വേണ്ടിവന്നില്ല. ഈ ലോകത്തിൽ ജീവിക്കുമ്പോൾ എനിക്കും നിങ്ങൾക്കും ഒരു വലിയ ഉത്തരവാദിത്വമുണ്ട്. മറ്റുള്ളവർക്കു വഴികാട്ടികളാകുക. പുരോഹിതന്മാർക്കും സമർപ്പിതർക്കും അധികാരികൾക്കും മാതാപിതാക്കൾക്കുമുള്ള കടമയും വ്യത്യസ്തമല്ല.

എന്നെ നോക്കി വളരുന്ന ഒരു സമൂഹം എനിക്കു ചുറ്റുമുണ്ടെന്ന ബോദ്ധ്യം എനിക്കുണ്ടാകണം. സിനിമാനടന്മാരെയും നടികളെയും അവരുടെ വസ്ത്രധാരണരീതികളെയും ഹെയർസ്റ്റൈലുകളെയും അനുകരിക്കുന്ന ഒരു തലമുറയാണ് ഇന്നു വളർന്നുവരുന്നത്. ഇന്നു പറഞ്ഞത് നാളെ മാറ്റിപ്പറയുന്ന രാഷ്ട്രീയക്കാരെയും അനുകരിക്കുന്നവരുണ്ട്.

ഒരു കാർട്ടൂൺ... ആദ്യത്തെ കോളത്തിൽ അപ്പൻ ബീഡി വലിച്ച് കസേരയിൽ കിടക്കുന്നു. രണ്ടാമത്തെ ചിത്രം അപ്പൻ വലിച്ചു പുറത്തേക്ക് എറിഞ്ഞ ബീഡിക്കുറ്റിയിൽ നിർനിമേഷം നോക്കിയിരിക്കുന്ന മകൻ. മൂന്നാമത്തെ ചിത്രമാകുമ്പോൾ ആ മുറിബീഡിയും വലിച്ചുകൊണ്ട് അപ്പന്റെ ചാരുകസേരയിൽ ഇരിക്കുന്ന മകൻ. താഴെ അടിക്കുറിപ്പുമുണ്ട്... "തന്തയ്ക്കു പിറന്ന മകൻ". തന്തമാർക്ക് ഒരു മുന്നറിയിപ്പ്: "മുറിബീഡികളെ സൂക്ഷിക്കുക".

# ഷേം, ഹാം, യാഫെത്ത്



**നോ**ഹിന്റെ പുത്രന്മാരാണിവർ. ജലപ്രളയത്തിനുശേഷം ഭൂമുഖത്ത് ജനതകൾ വളർന്നുവന്നത് ഇവരിലൂടെയാണ്. ഒരേ പിതാവിന്റെ മക്കളെങ്കിലും മൂവർക്കും അനുഗ്രഹങ്ങളുടെ കലവറയല്ല പിതൃസ്വത്തായി ലഭിച്ചത്. കാരണം, നോഹിന്റെ ഹാം (കാനാൻ എന്നും അറിയപ്പെട്ടിരുന്നു) എന്ന മകൻ പിതാവിനെ അപമാനിച്ചു. അവൻ പിതാവിന്റെ ബലഹീനത കണ്ടു, മാത്രമല്ല; അത് മറ്റു സഹോദരങ്ങളെ വിളിച്ച് കാണിച്ച് പിതാവിനെ അപമാനിച്ചു.

പിതൃപരിഹാസം അവന്റെ അധഃപതനത്തിനിടയാക്കി. ലഹരി വിട്ടെഴുന്നേറ്റ നോഹ് തന്റെ പുത്രന്റെ പ്രവൃത്തിയുടെ മേൽ ഭയാനകമായ ശാപവചനം ചൊരിയുന്നു: "കാനാൻ ശപിക്കപ്പെടട്ടെ, അവൻ തന്റെ സഹോദരങ്ങൾക്ക് ഹീനമായ ദാസ്യവേല ചെയ്യുന്നവനായിത്തീരും". ശാപം പേറുന്ന തലമുറയാണ്, അവന്റെ ജീവിതം വഴി തുറക്കപ്പെട്ടത്. ഹാമിന്റെ ചെയ്തികൾ തെറ്റായിരുന്നു. മാതാപിതാക്കളെ ബഹുമാനിക്കണമെന്നത് ഒരു ദൈവിക നിയമമാണ്. എത്ര കുറവുകളും തെറ്റുകളും ഉണ്ടെങ്കിലും അവരെ അനുസരിക്കുക, സ്നേഹിക്കുക, ബഹുമാനിക്കുക എന്നത് മക്കളുടെ കടമയാണ്.

"നീ ദീർഘനാൾ ജീവിച്ചിരിക്കാനും നിന്റെ ദൈവമായ കർത്താവ് തരുന്ന നാട്ടിൽ നിനക്ക് നന്മയുണ്ടാകുവാനുമായി അവിടുന്ന് കല്പിച്ചിരിക്കുന്നതുപോലെ നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക" (നിയ 5,16).

നോഹിന്റെ പരിതാപാവസ്ഥയിൽ അവനെ പഴിക്കാതെ ശുശ്രൂഷിക്കുകയും സംരക്ഷിക്കുകയും ചെയ്തവരാണ് യാഫെത്ത്, ഷേം എന്നിവർ. പിതാവിനെ സുബോധത്തിലെത്തിക്കുന്നതിനു തുണച്ച മക്കളിൽ നോഹ് സംപ്രീതനായി. ഹാമിനെ ശപിച്ച നോഹ മറ്റു രണ്ടുമക്കളെയും അനുഗ്രഹിക്കുന്നു. അവൻ യാഫെത്തിനോടു പറഞ്ഞു: "യാഫെത്തിനെ ദൈവം പുഷ്ടിപ്പെടുത്തട്ടെ. ഷേമിന്റെ കൂടാരങ്ങളിൽ അവൻ പാർക്കും. കാനാൻ അവന് അടിമയായിരിക്കും" (ഉൽപ 9,27-28).

ഹെബ്രായജനതയുടെ പൂർവ്വപിതാവായിത്തീർന്ന ഷേമിനെയും നോഹ് അനുഗ്രഹിക്കുന്നു: "ഷേമിന്റെ കർത്താവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. കാനാൻ ഷേമിന്റെ ദാസ്യനായിരിക്കട്ടെ" (ഉൽപ 9,26). ഷേമിന്റെ സന്തതിപരമ്പര ദൈവം തിരഞ്ഞെടുത്ത ഇസ്രായേൽ

ജനതയായിരുന്നു. വാഗ്ദത്ത നാടു സ്വന്തമാക്കുവാൻ ദൈവം കൃപ നൽകിയ ജനം.

അനുഗ്രഹവും ശാപവും ഒരു കുടുംബത്തിൽ തന്നെ കൈമാറ്റം ചെയ്യപ്പെടുന്നു. കാണുന്നവയ്ക്കെല്ലാം തന്നിഷ്ടം പോലെ പ്രതികരിക്കണമെന്നില്ല. ജീവിതത്തെ മാത്രമല്ല തലമുറകളെപ്പോലും ബാധിക്കുന്നതാണ് നമ്മുടെ കാഴ്ചപ്പാടുകളും ചെയ്തികളും. അതായത് നമ്മുടെ ജീവിതത്തെ നിർമലമാക്കാനും മലിനമാക്കാനും കാഴ്ച്ചപ്പാടുകൾക്കാവും. ഓരോ ദിവസവും എത്രയോ വ്യക്തികളെ, സ്ഥലങ്ങളെ, വസ്തുക്കളെ നാം കാണുന്നു. അവയോടുള്ള നമ്മുടെ പ്രതികരണങ്ങൾ നന്മയുടേതോ? തിന്മയുടേതോ? ചിന്തിക്കാം... ദൈവം അനുഗ്രഹിച്ചവന്റെ പിന്മുറക്കാരാവാൻ നാം ആഗ്രഹിക്കണം. അനുദിനമുള്ള ശീലങ്ങൾക്കും ചെയ്തികൾക്കുമൊടുവിൽ നമുക്കിങ്ങനെ ദൈവത്തോടു പറയാൻ സാധിക്കണം. ''കർത്താവേ എന്നെ പരിശോധിച്ച് എന്റെ ഹൃദയത്തെ അറിയണമേ, വിനാശത്തിന്റെ മാർഗ്ഗത്തിലാണോ ഞാൻ ചരിക്കുന്നതെന്നു നോക്കണമേ, ശാശ്വതമാർഗ്ഗത്തിലൂടെ എന്നെ നയിക്കണമേ" (സങ്കീ 139,23).

അനുഗ്രഹം പേറുന്ന ജീവിതവും അനുഗ്രഹമാകുന്ന സാന്നിദ്ധ്യവുമാണ് ലോകം ഓരോരുത്തരിൽ നിന്നും ആഗ്രഹിക്കുന്നത്.




ബൈബിളിലെ കുട്ടികൾ 6

**ഷിജി പറപ്പള്ളിയാത്ത്**

കൗശലമെന്യേ ഓരോ സാഹചര്യത്തോടും പ്രതികരിക്കാൻ നമുക്കാവണം. ബുദ്ധിയെയും ശക്തിയെയും കഴിവുകളെയും ആശ്രയിക്കുന്നതിനെക്കാൾ ദൈവകൃപയുടെ സമൃദ്ധിയാണ് നമ്മിൽ നിറയ്ക്കേണ്ടത്.

നോഹിന്റെ മക്കൾ പറയുന്നു:

* ''പിതാവിനോടു കാണിക്കുന്ന കാരുണ്യം വിസ്മരിക്കപ്പെടുകയില്ല. പാപങ്ങളുടെ കടം വീട്ടുന്നതിന് അതുപകരിക്കും" (പ്രഭാ 3,14).

* "മക്കൾ പിതാവിനെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു" (പ്രഭാ 3,2)

* അപമാനത്തിന്റെ പിന്നാലെ അധഃപതനമുണ്ട്.

* അനുഗ്രഹമാകാൻ അപരനെ ബഹുമാനിക്കുക.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

# ജീവിച്ചിരിക്കുന്നവരെ അന്വേഷിക്കുക



ഷിനി തെരേസ് മുതുപ്ലാക്കൽ

"ഗലീലിയിൽനിന്ന് ഈശോയോടൊപ്പം വന്നിരുന്ന സ്ത്രീകൾ അവനോടൊപ്പം (അരിമത്തിയാക്കാരൻ ജോസഫ്) പോയി കല്ലറ കണ്ടു. അവന്റെ ശരീരം എങ്ങനെ സംസ്കരിച്ചു എന്നും കണ്ടു. അവർ തിരിച്ചുചെന്ന് സുഗന്ധദ്രവ്യങ്ങളും ലേപനവസ്തുക്കളും തയ്യാറാക്കി. സാബത്തിൽ അവർ നിയമാനുസൃതം വിശ്രമിച്ചു. അവർ, തയ്യാറാക്കിവച്ചിരുന്ന സുഗന്ധദ്രവ്യങ്ങളുമായി, ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ കല്ലറയുടെ അടുത്തേക്കു പോയി" (ലൂക്കാ 23,55-24,1).

മൃതദേഹം അടക്കം ചെയ്യുന്നതിനുമുമ്പ് സുഗന്ധദ്രവ്യങ്ങളും ലേപനവസ്തുക്കളുംകൊണ്ട് അതു പൂശുന്ന പതിവ് യഹൂദർക്കിടയിലുണ്ടായിരുന്നു. വി. ലൂക്കാ സുവിശേഷകന്റെ വിവരണമനുസരിച്ച് ഈശോയെ കുരിശിൽനിന്നിറക്കി കല്ലറയിൽ വച്ചത് 'ഒരുക്കത്തിന്റെ ദിവസമായിരുന്നു; അന്ന് സാബത്തിന്റെ ആരംഭവുമായിരുന്നു' (ലൂക്കാ 23,54). അതുകൊണ്ടുതന്നെ ഈശോയുടെ ശരീരം സുഗന്ധദ്രവ്യങ്ങൾക്കൊണ്ടു പൂശുവാനുള്ള സാഹചര്യമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് സാബത്തിനുശേഷമുള്ള, ആഴ്ചയുടെ ആദ്യദിവസം ഗലീലിയിൽനിന്ന് വന്നിരുന്ന സ്ത്രീകൾ, അവർ തയ്യാറാക്കിവച്ചിരുന്ന സുഗന്ധദ്രവ്യങ്ങളുമായി കല്ലറയുടെ അടുത്തേക്കു പോയത്.

ഒരു വ്യക്തി മരിച്ചാൽ ആ ശരീരത്തോട് ബഹുമാനം പുലർത്തുന്ന പ്രത്യേക രീതികൾ നമ്മുടെ പാരമ്പര്യത്തിലുമുണ്ട്. മൃതദേഹം കിടത്തേണ്ട ദിശ മുതൽ മൃതദേഹത്തിലും സമീപത്തും ക്രമീകരിക്കേണ്ട കാര്യങ്ങളിലെല്ലാം തിരുസ്സഭ പ്രത്യേകം നിഷ്കർഷ പുലർത്തുന്നുണ്ട്. കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും അയൽക്കാരുമൊക്കെ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് മൃതദേഹത്തിനു സമീപമുണ്ടായിരിക്കും. മരിച്ചാൽ ഇരുപത്തിനാലു മണിക്കൂറുകൾക്കുള്ളിൽ അടക്കം ചെയ്തിരുന്നതിനാൽ അതിനുശേഷം മാത്രമേ കുടുംബാംഗങ്ങൾ ഭക്ഷണം കഴിച്ചിരുന്നുള്ളു.

ഇതുപോലെയുള്ള പാരമ്പര്യങ്ങൾക്കൊക്കെ ഇന്ന് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കുടുംബത്തിലാരെങ്കിലും മരിച്ചെന്നറിയുമ്പോൾ ഏറ്റം ചുരുങ്ങിയ ദിവസങ്ങൾക്കൊണ്ട്

എല്ലാ കർമ്മങ്ങളും നടത്തി എത്രയും പെട്ടെന്ന് തങ്ങളുടെ സ്വന്തം ലോകത്തേക്ക് മടങ്ങിപ്പോകുവാനാണ് പലരും തത്രപ്പെടുന്നത്. എന്റെ സഹോദരി പങ്കുവച്ച ഒരു കാര്യം മറക്കാനാവുന്നതല്ല. സഹോദരിയുടെ സുഹൃത്ത്, തനിക്കു പ്രിയപ്പെട്ട ഒരാളുടെ മരണവാർത്തയിൽ മനം നൊന്ത് ആ വീട്ടിലെത്തിയപ്പോൾ സമയം പാതിരായോട് അടുത്തിരുന്നു. സാധാരണ മരണവീടുകളിൽ ചെല്ലുമ്പോളുണ്ടാകുന്ന പ്രതീതിയോ പ്രാർത്ഥനകളുടെ ശബ്ദമോ ഒന്നും ആ വീടിന്റെ പരിസരത്തുണ്ടായിരുന്നില്ല. പകരം വളരെ ഉച്ചത്തിലുള്ള സംസാരങ്ങളും പൊട്ടിച്ചിരികളുമൊക്കെ കേട്ടു. അകത്തു കടന്നപ്പോൾ കണ്ട കാഴ്ചയായിരുന്നു ഏറെ ഖേദകരം. അയൽവീടുകളിലുള്ളവരും ആദരാഞ്ജലികളർപ്പിക്കാൻ വന്ന മറ്റുള്ളവരുമൊക്കെ പോയിക്കഴിഞ്ഞപ്പോൾ മൃതദേഹത്തിന് ആ മുറിയിലുണ്ടായിരുന്ന കേന്ദ്രസ്ഥാനം നഷ്ടപ്പെട്ടു. ആ സ്ഥാനം ഭക്ഷണമേശ കയ്യടക്കി. അതിനു ചുറ്റുമിരുന്ന് ആഘോഷമായി ഭക്ഷണ'പാനീയ'ങ്ങളിൽ പങ്കുചേരുകയും വിശേഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്തിരുന്ന മക്കളുടെയും മരുമക്കളുടെയും ശബ്ദകോലാഹലമായിരുന്നു പുറത്തുകേട്ടത്! പൂജ്യമായി കരുതേണ്ട മൃതദേഹം, വീടിന്റെ രണ്ടാം നിലയിലേക്കു പോകാനുള്ള ഗോവണിയുടെ കീഴിൽ, ഒരു മൊബൈൽ മോർച്ചറിയിൽ അനാഥമായി കിടക്കുന്നു!! മൃതദേഹത്തോടു കാണിക്കുന്ന അനാദരവിന്റെ വികലമായ ഒരു ചിത്രം!!!

ഇനിയും മറ്റൊരു ചിത്രം... ആഘോഷപൂർവകമായ ഒരു മരിച്ചടക്കാണ് രംഗം. ആഘോഷത്തിനു മാറ്റുകൂട്ടുവാൻ ഇവന്റ് മാനേജ്മെന്റും ബാന്റ് സെറ്റുമൊക്കെ തകൃതിയായി രംഗത്തുണ്ട്. തൊണ്ണൂറ്റഞ്ചുകാരിയായ അമ്മയുടെ മൃതദേഹത്തിൽ കെട്ടിപ്പിടിച്ചു പതം പറഞ്ഞ് ആർത്തലച്ച് കരയുന്ന മക്കൾ... അതൊക്കെ ഒരു സെക്കന്റുപോലും പാഴാക്കാതെ വീഡിയോയിൽ പകർത്തുകയും പല ആംഗിളുകളിൽ പല ഫോട്ടോകൾ എടുക്കുകയും ചെയ്തുകൊണ്ട് ക്യാമറയുമായി ഓടിനടക്കുന്നവർ... അമ്മയെ നോക്കി കൊതി തീർന്നില്ല എന്ന് എണ്ണിപ്പാടി പറയുന്ന മക്കളെ കണ്ടപ്പോൾ ചിന്തിച്ചുപോയി... എത്ര ഭാഗ്യപ്പെട്ട അമ്മ. ഈ മക്കൾ ഇതുപോലെ അമ്മയെ സ്നേഹിച്ചിരുന്നോ... പ്രായമായവർ ഒരു ബാധ്യതയാണെന്നു കരുതുന്ന ഒരു തലമുറ വളർന്നു വരുന്ന ഇക്കാലത്ത് ഇവരൊരു മാതൃക തന്നെ. എന്നാൽ യഥാർത്ഥ ചരിത്രം മരിച്ചടക്കൊക്കെ കഴിഞ്ഞ് മടങ്ങുന്ന വഴിക്കാണ് അറിയാൻ കഴിഞ്ഞത്. നല്ല പ്രായത്തിൽ മക്കൾക്കുവേണ്ടി ഒത്തിരി കഷ്ടപ്പെട്ട ആ അമ്മയുടെ അവസാനകാലത്ത് അമ്മയെ നോക്കാൻ മക്കളാരും തയ്യാറായിരുന്നില്ല. വൃദ്ധമന്ദിരത്തിൽ കിടന്നാണ് മരിച്ചതും. പലയിടങ്ങളിലായി ചിതറിപ്പാർക്കുന്ന മക്കൾ തമ്മിലും വലിയ ബന്ധമൊന്നുമില്ല. ഒരു കൊച്ചുമകൻ കനിഞ്ഞ് സ്വന്തം വീട്ടിൽ മൃതശരീരം വയ്ക്കാൻ തയ്യാറായപ്പോൾ മറ്റ് ആഘോഷങ്ങൾക്കെല്ലാം എല്ലാവരും സഹകരിച്ചുവെന്നു മാത്രം. ജീവനുള്ള ദേഹം മൃതദേഹമായിക്കഴിയുമ്പോൾമാത്രം ആദരവു കാണിക്കുന്ന മറ്റൊരു വികലത!

ഇക്കാലത്ത് ഇതൊന്നും അതിശയിപ്പിക്കുന്ന ഒരു വാർത്തയേ അല്ല. മോൻ വരാതിരിക്കില്ല എന്ന പല്ലവിയുമായി, ഉപേക്ഷിച്ചുപോയ മകനെ നോക്കി എല്ലാ ദിവസവും വൃദ്ധമന്ദിരത്തിന്റെ മുറ്റത്തുള്ള പടിക്കെട്ടിൽ കാത്തിരിക്കുന്ന അമ്മയെ കാണാനിടയായിട്ടുണ്ട്. നിറഞ്ഞു വരുന്ന കണ്ണുകൾ ആരും കാണാതെ തുടച്ചുകൊണ്ട് ഉപേക്ഷിച്ചുപോയ മക്കളെക്കുറിച്ചു നല്ലതുമാത്രം പറയുന്ന മറ്റൊരമ്മ...

പ്രഭാഷകവചനങ്ങൾ നമുക്കു മറക്കാതിരിക്കാം: "മക്കൾ പിതാവിനെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു; അവിടുന്ന് പുത്രന്മാരുടെമേൽ അമ്മയ്ക്കുള്ള അവകാശം ഉറപ്പിച്ചിരിക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു. അമ്മയെ മഹത്ത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നവനെ അവന്റെ മക്കൾ സന്തോഷിപ്പിക്കും. അവന്റെ പ്രാർത്ഥന കർത്താവു കേൾക്കും. പിതാവിനെ ബഹുമാനിക്കുന്നവൻ ദീർഘകാലം ജീവിക്കും; കർത്താവിനെ അനുസരിക്കുന്നവൻ തന്റെ അമ്മയെ സന്തോഷിപ്പിക്കുന്നു. ... പിതാവിനെ പരിത്യജിക്കുന്നത് ദൈവദൂഷണത്തിനു തുല്യമാണ്; മാതാവിനെ പ്രകോപിപ്പിക്കുന്നവൻ കർത്താവിന്റെ ശാപമേൽക്കും" (പ്രഭാ 3,2-16).



# വെളിച്ചമേ നയിച്ചാലും

**മിനി ജോസഫ്**
**നെരൂൾ, മുംബൈ**

**ഓ**രോ വെളിച്ചവും പുതുജീവനിലേക്കുള്ള നമ്മുടെ ഉയിർത്തെഴുന്നേല്പാണ് എന്നു വിശ്വസിക്കുവാനാണ് എനിക്കിഷ്ടം. പ്രഭാതസൂര്യന്റെ കിരണങ്ങൾപോലും ഒരു പുത്തൻദിനത്തിന്റെ ഉണർത്തുപാട്ടായല്ലേ നമ്മെ തഴുകിയുണർത്തുന്നത്? നിത്യപ്രകാശമായ ആ സർവേശ്വരനോടുള്ള ഒരു കുഞ്ഞു ക്ഷമാപണത്തോടെ ഈ കുറിപ്പ് ആരംഭിക്കട്ടെ... അനന്തപരിപാലനയുടെ ആ പ്രകാശരശ്മികൾ ജീവിതത്തിലുടനീളം വഴി തെളിച്ചിട്ടും, അതിന്റെ നന്ദിപ്രകടനം ചിലപ്പോഴെങ്കിലും എന്നിൽ മാത്രമായി ഒതുക്കി തീർത്തതിന്...

ഏതാനും വർഷങ്ങൾക്കു മുമ്പുള്ള കേരളത്തിലെ ഒരു അവധിക്കാലം. എന്റെ സഹോദരഭാര്യ ഒരു ബന്ധുവിന്റെ വിവാഹത്തിൽ സംബന്ധിക്കാൻ പോകയാൽ, അവിടെ കുഞ്ഞുങ്ങൾക്കു കൂട്ടിനായി ഞാൻ പോകേണ്ടിവന്ന ഒരു അവിസ്മരണീയദിനം. സന്ധ്യ മയങ്ങിയപ്പോൾ അതിഥിയായെത്തിയ ചാറ്റൽ മഴയ്ക്കൊപ്പം വൈദ്യുതിയും നിലച്ചു. നിറുത്താതെയുള്ള ഫോൺ ബെല്ലടി. അങ്ങേത്തലയ്ക്കൽ ചേച്ചിയുടെ ബന്ധുവിന്റെ തേങ്ങിക്കരച്ചിൽ... അവർ യാത്ര ചെയ്തിരുന്ന കാർ അപകടത്തിൽ പെട്ടെന്നും ചേച്ചി അല്പം ഗുരുതരാവസ്ഥയിലാണെന്നും... കരച്ചി

ലടക്കാൻ നന്നേ പാടുപെട്ടു. ചേച്ചിയുടെ പുന്നാരക്കുട്ടിയായ പതിനാലു വയസ്സുകാരി മോളുടെ ചോദ്യങ്ങൾക്കു മുമ്പിൽ ആദ്യമൊന്നു പതറിയെങ്കിലും മനഃസാന്നിദ്ധ്യം വീണ്ടെടുത്ത് എന്തൊക്കെയോ മറുപടികൾ നല്കി. കുഞ്ഞുങ്ങളെ അടുത്ത വീട്ടിൽ സുരക്ഷിതരായി ഏല്പിച്ച ശേഷം മറ്റു ബന്ധുക്കളോടൊപ്പം ഞാനും ആശുപത്രിയിലേക്കു കുതിച്ചു.

ഐ. സി. യു. വിൽ ദേഹമാസകലം ചോരയിൽ കുളിച്ച് അർദ്ധബോധാവസ്ഥയിൽ ചേച്ചി... എന്റെ കയ്യിൽ അമർത്തിപ്പിടിച്ച് കുഞ്ഞുങ്ങളെ കാണണമെന്ന് അവ്യക്തമായി പറഞ്ഞ് ഏങ്ങലടിക്കുന്ന ദയനീയഭാവം... വിദേശത്തായിരിക്കുന്ന ചേട്ടന്റെ അഭാവത്തിൽ, പൊന്നുമക്കളെ സംരക്ഷിച്ചുകൊള്ളണമേയെന്നുള്ള ആ കണ്ണുകളിലെ യാചന ഞാൻ തിരിച്ചറിഞ്ഞു. പിന്നേറ്റു രാവിലെ മുതൽ ഒരു തുടർക്കഥപോലെ ചേച്ചിക്കു ചെയ്യേണ്ടതായി വരുന്ന ഓപ്പറേഷൻ പരമ്പരകൾ കേട്ടു പൊട്ടിക്കരയാനേ കഴിഞ്ഞുള്ളൂ. പിറ്റേന്നു നടക്കുന്ന ഓപ്പറേഷനുമുമ്പ് മോളെ കൊണ്ടുവന്ന് ചേച്ചിയെ കാണിക്കാമെന്ന എന്റെ ഉറപ്പിന്മേൽ ആ കരച്ചിലിന് അല്പം ശമനം കണ്ടു.

മമ്മിക്കു സംഭവിച്ച അത്യാഹിതത്തെക്കുറിച്ച് തികച്ചും അജ്ഞയായിരുന്ന അവളെ സാവധാനത്തിൽ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം, സ്വതവേ തൊട്ടാവാടി പ്രകൃതക്കാരിയായ ഞാൻ സ്വമനസ്സാലെ ഏറ്റെടുത്തു. ഉള്ളിൽ ഒരു ദുഃഖസാഗരം അലയടിക്കുമ്പോഴും, പുറമേ ഒരു കാരിരുമ്പിന്റെ ശക്തിയാർജ്ജിച്ച് ഏറ്റം ഭംഗിയായി ഞാൻ ആ കൃത്യം നിർവഹിച്ചു.

ഓപ്പറേഷനുശേഷം ചേച്ചി അപകടനില തരണംചെയ്തു എന്ന വാർത്ത അറിയുംവരെ, സന്ധ്യ മയങ്ങുവോളം മറ്റു ബന്ധുക്കൾക്കൊപ്പം ഞങ്ങളും പ്രാർത്ഥനാപൂർവ്വം ആശുപത്രി പരിസരത്തു ചിലവഴിച്ചശേഷം, അവളെയുംകൂട്ടി സമാധാനത്തോടെ ഞാൻ വീട്ടിലേക്കു യാത്രയായി. ഓഫീസുകൾ കഴിഞ്ഞ സമയമായതിനാലാവണം ഞങ്ങൾ കയറിയ ട്രാൻസ്പോർട്ടു ബസ്സിൽ നന്നേ തിരക്കായിരുന്നു. എങ്കിലും ഏറ്റവും പുറകിലത്തെ നീളമുള്ള സീറ്റിൽ ഞങ്ങൾക്ക് കഷ്ടിച്ച് ഇരിപ്പിടം കിട്ടി. തിരക്കുമൂലം ശ്വാസംപോലും കിട്ടാത്ത അവസ്ഥ...

യാത്രാമദ്ധ്യേ ഞങ്ങൾക്കു കടന്നുപോകേണ്ടിയിരുന്ന ലെവൽ ക്രോസിംഗിന് സമീപത്തെത്തിയപ്പോൾ ബസ്സ് പെട്ടെന്നു നിന്നു. പുറത്തേക്കു നേക്കിയപ്പോൾ വാഹനങ്ങളുടെ നീണ്ട നിര. വളരെ തിരക്കുള്ള ആ ബസ്സ് റൂട്ടിലെ പ്രസ്തുത റെയിൽവേ ഗേറ്റിനു സംഭവിച്ച തകരാർമൂലം കഴിഞ്ഞ ഒരു മണിക്കൂറായി വാഹനങ്ങൾ കാത്തുകിടക്കുകയാണ്. രാത്രിയായാൽ കേരളത്തിലെ ബസ്സുകളിൽ വളരെ വിരളമായിമാത്രം കാണുന്ന സ്ത്രീജനങ്ങൾ... അതൊരു നിയമസംഹിതയായി മനസ്സിൽ സൂക്ഷിക്കുന്ന ചുരുക്കം ചില കപട സദാചാര പോലീസുകാരായ പുരുഷന്മാരുടെ തുറിച്ചു നോട്ടങ്ങൾക്കു മുമ്പിൽ, ഒരു കയ്യിൽ അവളെയും മറുകയ്യിൽ യാത്രകളിലെ എന്റെ സന്തതസഹചാരിയായ ജപമാലയും മുറുകെപ്പിടിച്ച് ഞാൻ...

പെട്ടെന്ന് ഗേറ്റിന്റെ തകരാർ നീങ്ങി. ഗേറ്റിന് ഇരുവശത്തുമായി കാത്തുകിടന്നിരുന്ന നിരവധി വാഹനങ്ങൾ ''ഞാനാദ്യം... ഞാനാദ്യം" എന്ന അച്ചടക്കരാഹിത്യത്തിന്റെ മുറവിളിയുമായി മുന്നോട്ട്... ഒപ്പം ഞങ്ങളുടെ ബസ്സും... തലങ്ങും വിലങ്ങും വാഹനങ്ങൾ... ഒന്നിനുപോലും അനങ്ങാനാവാത്ത അവസ്ഥ... എങ്ങും ഒച്ചപ്പാടും ബഹളവും ചീത്തവിളികളും മാത്രം...

വളരെ പെട്ടെന്ന് തലയിൽ ഇടിത്തീ വീണതുപോലെ എക്സ്പ്രസ്സ് ട്രെയിനിന്റെ വരവറിയിച്ചുകൊണ്ടുള്ള വാച്ച്മാന്റെ അലറിക്കരച്ചിൽ ഞങ്ങളെ തേടിയെത്തി. കൈകൾ രണ്ടും ഉയർത്തിപ്പിടിച്ച്, റെയിൽവേ പാളത്തിൽ നിറഞ്ഞു കിടക്കുന്ന വാഹനങ്ങൾക്കിടയിലൂടെ നിലവിളിച്ചുകൊണ്ടോടുന്ന അദ്ദേഹം ഏവർക്കും നൊമ്പരക്കാഴ്ചയായി. മരണത്തിന്റെ മുമ്പിൽപോലും ഒന്നു തോറ്റുകൊടുക്കുവാൻ പല വമ്പന്മാരുടെയും ഈഗോ സമ്മതിക്കുന്നുണ്ടായിരുന്നില്ല. ഞങ്ങളുടെ ബസ്സിന്

തൊട്ടു മുന്നിലുള്ള കാറിന് പെട്ടെന്നൊരു സ്റ്റാർട്ടിംങ് തകരാർ. ബസ്സിനു കുറുകെയായി കിടക്കുന്ന ആ കാർ മുന്നോട്ടെടുക്കാതെ ബസ്സ് അല്പംപോലും നീക്കാനാവാത്ത അവസ്ഥ... ദൂരെനിന്ന് ഇരച്ചുവരുന്ന ട്രെയിനിന്റെ ഹോൺ ഒരു ആർത്തനാദമായി എന്റെ ചെവികളിൽ പതിഞ്ഞു. ബസ്സിലാകെ കൂട്ടക്കരച്ചിൽ... പുറത്താകെ കോരിച്ചൊരിയുന്ന മഴ... ആരൊക്കെയോ ബസ്സിന്റെ ജനൽ വഴി പുറത്തേക്കു ചാടുന്നു. താഴെ വീണവരുടെ അലറിക്കരച്ചിൽ അവ്യക്തമായി കേൾക്കാം... പാളത്തിന്റെ സൈഡിൽ കൂട്ടിയിട്ടിരിക്കുന്ന കരിങ്കൽക്കൂനയിൽ തട്ടി ദേഹം മുറിഞ്ഞതിന്റെയാവാം... ഞങ്ങൾ ഇരിക്കുന്ന പുറകിലത്തെ സീറ്റ് കൃത്യമായി ട്രെയിൻ വരുന്ന പാളത്തിനു മുകളിൽ... മരണം ഏതാണ്ട് ഉറപ്പായ നിമിഷങ്ങൾ...

"നമുക്ക് എങ്ങനെയെങ്കിലും രക്ഷപെടാം മിനിയാന്റി" എന്ന അവളുടെ കണ്ണീരിൽ കുതിർന്ന യാചനയ്ക്കു മുമ്പിൽ ഞാൻ തളർന്നു... ചുറ്റും പൊതിഞ്ഞു നില്ക്കുന്ന ഈ നൂറുകണക്കിനു യാത്രക്കാരുടെ ഇടയിൽനിന്ന് ഒരു രക്ഷപെടൽ അസാധ്യമാണെന്ന യാഥാർത്ഥ്യം ഞാൻ എങ്ങനെ അവളെ ബോദ്ധ്യപ്പെടുത്തും? കൊന്തമണികൾ ഞെരിഞ്ഞുപോകുമാറ് ഞാൻ അവയിൽ പിടിമുറുക്കി...

മരണത്തിനു മുന്നിലെ നമ്മുടെ നിസ്സഹായാവസ്ഥ... ദൈവത്തിലേക്കു മാത്രം നാം ഭീതിയോടെ ദൃഷ്ടിയുറപ്പിക്കുന്ന നിമിഷങ്ങൾ... പാഞ്ഞുവരുന്ന ട്രെയിനിന്റെ ഹെഡ്ലൈറ്റിന്റെ പ്രകാശം വളരെയടുത്ത്... അത് ആ നിത്യപ്രകാശത്തിന്റെ ബഹിർസ്ഫുരണമായിരുന്നുവോ? അറിയില്ല... പക്ഷേ, അത് കണ്ണുകളിൽ പതിച്ച ആ നിമിഷം ഞങ്ങളുടെ ബസ്സിനു മുന്നിലുണ്ടായിരുന്ന കാർ സ്റ്റാർട്ടായതും ഞങ്ങളുടെ ബസ്സ് മുന്നോട്ടെടുത്തതും ഒപ്പമായിരുന്നു... മൂന്നാലു സെക്കന്റുകൾക്കുള്ളിൽ എനിക്കു തൊടാവുന്ന ദൂരത്തിൽ ട്രെയിനിന്റെ കുതിച്ചുപായൽ... ദിവ്യപ്രകാശം മിഴികൾ തുറന്ന നിമിഷങ്ങൾ... ജീവനിലേക്കുള്ള ഉയിർത്തെഴുന്നേല്പ്... ബസ്സിലാകെ സന്തോഷാശ്രുക്കൾ... കരഞ്ഞുതളർന്ന അവളെയും തോളിൽ ചേർത്ത്, എന്റെ ശക്തിസ്രോതസ്സായ ജപമാല, അപ്പോഴും ജീവൻ തുടിക്കുന്ന എന്റെ നെഞ്ചിൽ ചേർത്തുപിടിച്ച് യാത്ര തുടർന്നു... മനസ്സിൽ ഒരു മന്ത്രധ്വനിമാത്രം അവശേഷിച്ചു...

"വെളിച്ചമേ നയിച്ചാലും".

## Spirituality Centre Programme

### April

| | |
|---|---|
| 06 | Social Animators Meeting |
| 10-11 | Cenacle Gathering (Sodales & Aspirants) |
| 11-15 | Retreat for Students (Age-13-18) |
| 13 | School of Bible |
| 17-21 | Holy Week Retreat |
| 27 | Recollection for Oblates |

### May

| | |
|---|---|
| 01 | Day of Apostolic Oblates |
| 2-7 | Annual Retreat for A.O. |
| 8-12 | Retreat for Students (Age-8-12) |
| 11 | School of Bible |
| 14 | Bible Study Forum |
| 14-15 | Cenacle Gathering (Sodales & Aspirants) |
| 18 | Social Animators Meeting |
| 19-24 | Liturgical Retreat for Sisters |

# മരിച്ചിട്ടും മതിയാകാത്ത സ്നേഹമേ

മരിച്ചിട്ടും മതിയാകാത്ത സ്നേഹമേ
മനുജനായി മഹിമവെടിഞ്ഞവനേ
സ്നേഹിച്ചിട്ടും കൊതിതീരാത്ത
ദിവ്യകാരുണ്യ സ്നേഹമല്ലോ നീ....

മുറിഞ്ഞിട്ടും തീരാത്ത സ്നേഹമായി
മുറിയപ്പെടുന്നോരപ്പമായി ദിവ്യബലിയിൽ
ദാസനായി പാദംകഴുകിയ സ്നേഹമേ
ദാനമായി നല്കി നിൻദിവ്യരക്തം തനയർക്കായി....

ഒറ്റിക്കൊടുക്കപ്പെട്ടിട്ടും ഒറ്റപ്പെട്ടിട്ടും
ഒരുമയിൽ ശിഷ്യരെ ഒന്നാക്കുവാൻ
ഓരം ചേർത്തണച്ച സ്നേഹമേ
ഒരുബലിയായി നല്കിയ ജീവത്യാഗമേ....

കുരിശിൽ മരിച്ചിട്ടും കുറയാത്തസ്നേഹമായി
കാൽവരിയിൽ നല്ലകള്ളനു നല്കി നിൻ വാഗ്ദാനം
കാൽച്ചുവട്ടിൽനിന്നു വിലാവിൽ കുത്തിയവനും
കാഴ്ചയേകിയ കാലംമായ്ക്കാത്ത സ്നേഹമേ....

മാറു പിളർന്നിട്ടും തനയരെ മാറോടുചേർക്കുവാൻ
മനുഷ്യനായി പീഡാസഹനമരണം വരിച്ചവനേ
ഉത്ഥിതനായിട്ടും ഞങ്ങളെ സനാഥരാക്കുവാൻ
ഉറ്റമിത്രമായി സഹായനെ തന്ന സ്നേഹമേ....

**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



# സ്നേഹിക്കാം ഹൃദയം തുറന്ന്...

മെർലിറ്റ് അഞ്ചാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഗുരുവിന്റെ മരണ ശേഷം അദ്ദേഹത്തിന്റെ ശിഷ്യന്മാർ തങ്ങളുടെ ഭവനങ്ങളിലേക്കു മടങ്ങിപ്പോയി. അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന നാളുകളിലെ ഹൃദയസമാധാനവും തങ്ങളുടെ വിമോചകൻ എന്നു കരുതിയിരുന്നവൻ തന്ന ആത്മശക്തിയുമെല്ലാം ഞൊടിയിടയിൽ മാഞ്ഞുപോയതിന്റെ ദുഃഖവും വിഷാദവും അവരെ വല്ലാതെ ഉലച്ചുകളഞ്ഞു. എന്നാൽ തങ്ങൾക്കായി സ്നേഹത്തിന്റെ പ്രാതൽ വിളമ്പിയവൻ, നാളിതുവരെ ഒപ്പമായിരുന്നവൻ അപ്പമാണെന്ന് - കുർബാനയാണെന്ന് - അവരെ ബോദ്ധ്യപ്പെടുത്തിയത് അത്താഴമേശയിൽ അവർക്കായി മുറിച്ച അപ്പത്തിൽ മറഞ്ഞുകൊണ്ടാണ്. തങ്ങളുടെ ജീവിതത്തിലെ പച്ചയായ യാഥാർത്ഥ്യങ്ങളെ, പൊള്ളയായ വിശ്വാസസംഹിതകളെ പൊളിച്ചെഴുതിയ ഉയിർത്തെഴുന്നേല്പിന്റെ അനുഭവമായി അതു മാറി.

'സ്നേഹംകൊണ്ടു മാത്രമേ ലോകത്തെ പടുത്തുയർത്താൻ സാധിക്കൂ' എന്ന് ദൈവദാസൻ ബിഷപ് വില്യം ജകീന്താ പറഞ്ഞുവയ്ക്കുന്നുണ്ട്. അത് എത്രമാത്രം വാസ്തമാണെന്ന കാര്യത്തിൽ തർക്കത്തിന് ഇടമില്ല. സ്നേഹംകൊണ്ടേ വ്യക്തിബന്ധങ്ങളെ പ്രോജ്ജ്വലിപ്പിക്കാനാവൂ, കുടുംബങ്ങളെ പടുത്തുയർത്താനാവൂ, സമൂഹത്തെ നിലനിർത്താനാവൂ, ലോകത്തെ കീഴടക്കാനാവൂ. സ്നേഹത്തിന്റെ ശത്രു വെറുപ്പാണ്, വിദ്വേഷമാണ്... മനുഷ്യബന്ധങ്ങളെ നിഹനിക്കുന്ന എല്ലാമാണ്. എങ്കിൽ നമ്മിൽത്തന്നെയുള്ള ശത്രുവിനെ മാറ്റിനിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഒരു കുടുംബത്തിൽ ഭർത്താവ് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും മക്കൾ മാതാപിതാക്കൾക്കും മാതാപിതാക്കൾക്കും ശത്രുക്കളായി മാറുന്ന ഭീദിതമായ അന്തഃരീക്ഷമാണ് ഇവിടുള്ളത്. "സ്നേഹത്തിൽ ഭയത്തിനിടമില്ല; പൂർണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു..." (1 യോഹ 4,18) എന്ന് യോഹന്നാൻശ്ലീഹാ പറയുന്നുണ്ട്. സ്നേഹമുള്ളിടത്ത് ദൈവമുണ്ട്, സ്വാതന്ത്ര്യമുണ്ട്, സമാധാനമുണ്ട്. അവിടെ ആർദ്രതയും ദയയും നന്മയും കരുണയുമുണ്ട്. സ്വാർത്ഥതയെ അതിജീവിച്ച്, ജീവിതത്തിൽ അന്യർക്കും നമുക്കും യാതൊരു നന്മയും നല്കാത്ത നമ്മിലെ തിന്മയുടെ വേരുകളെ പിഴുതുകളയാൻ നമുക്കു സാധിക്കണം. കുടുംബത്തിലും സമൂഹത്തിലും ദൈവം നമുക്കായി നല്കിയ പ്രിയപ്പെട്ടവരെ - അവനെ, അവളെ, അവരെ - കുറവുകളോടുകൂടിത്തന്നെ സ്വീകരിക്കുക. കടുംപിടുത്തം നമുക്കു വേണ്ട. മറ്റുള്ളവരിൽ നാം ഇഷ്ടപ്പെടാത്തതായി കാണുന്നവയൊക്കെ നമ്മിൽത്തന്നെ വേരു പാകിയിരിക്കുന്ന കളകളാണെന്ന യാഥാർത്ഥ്യം തിരിച്ചറിയണം; ദൂഷിതമായ ഹൃദയത്തിന്റെ അകത്തളങ്ങൾ വെട്ടിയൊരുക്കാൻ തയ്യാറാകണം. എങ്കിൽമാത്രമേ സ്നേഹത്തിനു പ്രവേശിക്കാൻ ഇടം കിട്ടൂ.

സ്നേഹം സകല പ്രശ്നങ്ങൾക്കുമുള്ള ഉത്തരമാണ്; പരിഹാരമാണ്; ഒറ്റമൂലിയാണ്. ദൈവത്തിന്റെ സ്നേഹം ആഴത്തിൽ അനുഭവിച്ചറിയുന്നവർക്ക് ആരെയും വെറുക്കുവാനോ

*'കർത്താവേ, മാനുഷികവും പാപബദ്ധവു
മായതെല്ലാം കത്തിച്ചു ചാമ്പലാക്കി
നിന്നിൽ രൂപാന്തരം പ്രാപിച്ച് സ്വർഗീയ
പിതാവിന്റെ പൂർണതയിലേക്കു നടന്നടു
ക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ"*



പിതൃമൊഴി
4

മാറ്റിനിർത്താനോ സാധിക്കില്ല. യഹൂദരുടെ ഒത്താശയോടെ സ്നേഹത്തെ കല്ലറയിലടച്ചവരാണ് റോമൻ പട്ടാളം. കാരണം അവർ സ്നേഹത്തെ-ഈശോയെ ഭയപ്പെട്ടു. എന്നാൽ അവനെ ഉൾക്കൊള്ളാൻ കല്ലറയ്ക്കു കഴിയുമായിരുന്നില്ല. ഈശോയുടെ സ്നേഹം മൺമറഞ്ഞുപോകുന്ന യാഥാർത്ഥ്യമല്ല, മറിച്ച് ലോകാവസാനത്തോളം കൂടെ വസിക്കുന്ന സത്യമാണെന്ന് എമ്മാവൂസ് ശിഷ്യരുടെ അനുഭവം നമുക്കു മനസ്സിലാക്കിത്തരുന്നു.

മനുഷ്യനെ എല്ലാ പരിതോവസ്ഥകളിൽനിന്നും വിമോചിപ്പിക്കാൻ സ്നേഹത്തിനു മാത്രമേ കഴിയൂ; അത് സത്യദൈവമായ ഈശോമിശിഹായാണെന്ന ബോധ്യം നമ്മുടെ ഹൃദയങ്ങളിൽ നമുക്ക് ഉറപ്പിക്കാം. എന്റെ അടുത്തുള്ളവനിൽ ദൈവമുണ്ടെന്ന ഓർമ്മ എപ്പോഴും നമ്മെ നയിക്കണം. സ്നേഹരഹിതമായ ജീവിതത്തിന്റെ ബാക്കിപത്രമായി നമ്മെ ആരും വിലയിരുത്താതിരിക്കട്ടെ, മനഃസാക്ഷി നമ്മെ കുറ്റപ്പെടുത്താതിരിക്കട്ടെ. മാനുഷികതയെ അതിലംഘിക്കുന്ന ഒരു ദൈവികത, സ്നേഹത്തിന്റെ മുറിപ്പാടുകൾ സമ്മാനിക്കുന്ന തിരുശ്ശേഷിപ്പുകൾ ആത്മാവിന്റെ അൾത്താരയിൽ സൂക്ഷിക്കുവാനും അവിടെ നിത്യതയിലേക്കുള്ള യാത്രയുടെ അച്ചാരമായി ജീവിതത്തെ ബലിയായി സമർപ്പിച്ച് ഈശോയോടുകൂടി ഉത്ഥിതരാകുവാൻ നമുക്കു സാധിക്കട്ടെ.


# ജീവിതവിശുദ്ധീകരണ ധ്യാനം

## മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ
## അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ നേതൃത്വത്തിൽ

2019 ഏപ്രിൽ 11 വ്യാഴം 6.00 p.m.
മുതൽ 15 തിങ്കൾ 8.30 a.m. വരെ
പ്രായപരിധി 13-18

2019 മെയ് 8 ബുധൻ 6.00 p.m. മുതൽ
12 ഞായർ 9.00 a.m. വരെ
പ്രായപരിധി 8-12

വിശദ വിവരങ്ങൾക്ക്
9400573640
9544413690
04812578192



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

ഫിലോ കുറ്റിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

"അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (മത്താ 28,6)

മൂന്നു ദിവസത്തെ കാത്തിരിപ്പിനുശേഷം, ഭയവും ദുഃഖവും നിരാശയും നിറഞ്ഞ ശിഷ്യരുടെ ഹൃദയത്തിൽ സന്തോഷവും ഉന്മേഷവും പ്രത്യാശയും നല്കി, ഉയിർത്തെഴുന്നേറ്റ ഈശോയെ ഈ ദിവ്യരഹസ്യത്തിൽ ധ്യാനിക്കാം. അമ്മേ, മാതാവേ, പ്രാർത്ഥനയിൽ ശിഷ്യരെ ചേർത്തുപിടിച്ചുകൊണ്ട് കാത്തിരുന്നതുപോലെ ഞങ്ങളും ഈശോ അനുഭവത്തിനായി ദാഹിക്കുവാൻവേണ്ട കൃപ ഈശോയോടു വാങ്ങിത്തരണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

"നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും" (യോഹ 16,20).

ഉത്ഥാനത്തിനുശേഷം 40 ദിവസം ശിഷ്യന്മാരുടെകൂടെയായിരുന്നുകൊണ്ട് അവരെ ശക്തിപ്പെടുത്തി യഥാർത്ഥ സന്തോഷത്തിലേക്കു നയിച്ച ഈശോയെ ഈ ദിവ്യരഹസ്യത്തിൽ ധ്യാനിക്കാം. അമ്മേ, മാതാവേ, ജീവിതദുഃഖങ്ങളുടെ നടുവിൽ യഥാർത്ഥ സന്തോഷവും സമാധാനവും ഈശോയിൽ കണ്ടെത്തുവാൻവേണ്ട കൃപ ഈശോയോടു വാങ്ങിത്തരണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

"ഞാൻ നിങ്ങളെ അനാഥരായി വിട്ടുകളയുന്നില്ല" (യോഹ 14,18).

എന്നും കൂടെയായിരിക്കാൻ, കൂട്ടായിരിക്കാൻ തന്റെ ആത്മാവിനെ നമുക്കു നല്കിയ ഈശോയെ ഈ ദിവ്യരഹസ്യത്തിൽ ധ്യാനിക്കാം. അമ്മേ, മാതാവേ, പരിശുദ്ധാത്മാവ് അമ്മയിൽ ആവസിച്ചതുപോലെ ഞങ്ങളിലും ആവസിക്കാൻവേണ്ട കൃപ ഈശോയോടു വാങ്ങിത്തരണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

"നീ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു" (ലൂക്കാ 1,30).

തന്റെ ഹൃദയത്തിലൂടെ വാൾ കടന്നുപോയതുപോലെയുള്ള കഠിനവേദന അനുഭവിക്കേണ്ടിവന്ന പരിശുദ്ധ മറിയത്തെ വിണ്ണോളം ഉയർത്തിയ ഈശോയെ ഈ ദിവ്യരഹസ്യത്തിൽ ധ്യാനിക്കാം. അമ്മേ, മാതാവേ, വേദനകളും സങ്കടങ്ങളും സ്വർഗത്തിലേക്കു നയിക്കുന്ന ചവിട്ടുപടികളാണെന്നു മനസ്സിലാക്കുവാനുള്ള കൃപ ഈശോയോടു വാങ്ങിത്തരണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

"എത്ര വിശിഷ്ടവും മനോഹരവുമാകുന്നു" (സങ്കീ 132,1)

സ്വർഗീയ റാണിയായി മുടി ധരിപ്പിച്ചുകൊണ്ട് പരിശുദ്ധ മറിയത്തെ അതിമനോഹരിയാക്കിയ ഈശോയെ ഈ ദിവ്യരഹസ്യത്തിൽ ധ്യാനിക്കാം.അമ്മേ, മാതാവേ, മാമ്മോദീസായിലൂടെ ദൈവമക്കളായി ഉയർത്തപ്പെട്ട ഞങ്ങളുടെ മനോഹരജീവിതങ്ങൾ എന്നും സുന്ദരമായി നിലനില്ക്കുവാൻവേണ്ട കൃപ ഈശോയോടു വാങ്ങിത്തരണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

## മൊഴിമുത്തുകൾ

ദൈവദാസൻ ബിഷപ്
വില്യം ജക്വിന്താ



"നമ്മെ സന്തോഷിപ്പിക്കാത്തതിൽ
ആരോടും പരാതി പറയരുത്.
ഞാൻ ചെയ്യാനുള്ളതു ചെയ്തു എന്ന
സമാധാനമാണ് നമുക്കാവശ്യം".

"നിന്റെ പെരുമാറ്റം സാഹോദര്യത്തിനു
യഥാർത്ഥമായൊരു സാക്ഷ്യമായിരിക്കട്ടെ.
സഹോദര്യത്തിന്റെ തത്ത്വങ്ങൾക്കനുസരിച്ച്
നിന്റെതന്നെ ജീവിതം ക്രമപ്പെടുത്തുക".



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th March 2019

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,
മാമ്മോദീസായിലൂടെ ഞങ്ങളെ നവസൃഷ്ടികളാക്കിയ
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.
നിന്റെ ഉത്ഥാനപ്രഭ ദർശിക്കുവാനും
പാപവിമോചിതരായി
നിത്യജീവനിലേക്കു പ്രവേശിക്കുവാനും
അങ്ങനെ എല്ലായ്പോഴും
നിനക്ക് സ്തുതിയുടെ കീർത്തനങ്ങൾ
ഇടവിടാതെ ആലപിക്കുവാനും
ഞങ്ങളെ ശക്തരാക്കണമേ"
(ഉയിർപ്പുകാലം, തിങ്കൾ - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal